നം.കെ.എസ്.എ.പി.റ്റി.എ.പി4/98/2019 തീയതി: 18/02/2019

## പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് -ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

### ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 1.7.2017മുതൽ 15.1.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്,<br><br>ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2019 മുതൽ 29.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. ജോർജ്ജ് പി മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. അരുൺ.എസ്.നായർ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷൈജു.വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

#### പ്രസിഡന്റ്

| | |
|---|---|
| ശ്രീ.ഷിബു വർഗീസ് | 1.4.2017 മുതൽ 31.3.2018വരെ |

#### സെക്രട്ടറി

| | |
|---|---|
| 1. ശ്രീ.അജയകുമാർ.പി.ജി<br><br>2. ശ്രീ.പി.കെ.രാജേന്ദ്രൻ (ചാർജ്)<br><br>3. ശ്രീ.ചന്ദ്രബാബു.എസ്.എസ് | 1.4.2017 മുതൽ 23.5.2017വരെയും,<br><br>28.6.2017മുതൽ 10.7.2017വരെയും.<br><br>24.5.2017മുതൽ 27.6.2017വരെ. |

| | |
|---|---|
| | 11.7.2017മുതൽ 31.3.2018വരെ. |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല്പ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18

സൂചിക



| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 13 | അനധികൃത കെട്ടിടനിർമ്മാണം - ഗുരുതരമായ ചട്ടലംഘനം | 2-1 |
| 14 | വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത | 2-2 |
| 15 | വസ്തുനികുതി നിർണ്ണയിച്ച് ഫീ ഈടാക്കിയത് ക്രമവൽക്കരിച്ചിട്ടില്ല | 2-3 |
| 16 | വസ്തുനികുതി നിർണ്ണയം നടത്തിയതിൽ വീഴ്ച | 2-4 |
| 17 | വാടക ഈടാക്കിയതിൽ കുറവ് | 2-5 |
| 18 | ക്ഷീരോത്പാദക സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-6 |
| 19 | ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല | 2-7 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- 1.31കോടി രൂപ നഷ്ടപ്പെടുത്തി | 3-1 |
| 21 | ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല | 3-2 |
| 22 | തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-3 |
| 23 | പൊതു ടാപ്പുകളുടെ വെള്ളക്കരം- പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നു | 3-4 |
| 24 | പെട്ടിയും പറയും പദ്ധതി- അധികമായി തുക ചെലവഴിച്ചു | 3-5 |
| 25 | പൾസ് പോളിയോ പദ്ധതി- അധികമായി തുക ചെലവഴിച്ചു | 3-6 |
| 26 | പഞ്ചായത്തിന്റെ പരസ്യം നൽകിയത് - ചെലവു തുക നിരാകരിക്കുന്നു | 3-7 |
| 27 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി | 3-8 |
| 28 | ഗുണഭോക്തൃ ലിസ്റ്റില്ലാതെ പദ്ധതി ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല | 3-9 |
| 29 | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-10 |
| 30 | ഫയലുകളും ട്രഷറി ബിൽബുക്കും ഹാജരാക്കിയില്ല | 3-11 |
| 31 | ശ്മശാനം റോഡ് അനുബന്ധ പ്രവൃത്തികൾ- അപാകത | 3-12 |
| 32 | കല്ലുവാരം കോളനി നടപ്പാത ഇന്റർലോക്ക് പ്രവൃത്തി - കൺവീനറുടെ പേരിൽ പ്രതിഫലം നൽകിയില്ല | 3-13 |
| 33 | തെരുവു നായ നിയന്ത്രണം- കൂട്, ഷെൽറ്റർ എന്നിവയുടെ നിർമ്മാണം- അപാകതകൾ | 3-14 |
| 34 | ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല | 3-15 |
| 35 | 6-ാം നമ്പർ അംഗൻവാടി അപകടാവസ്ഥയിൽ | 3-16 |
| 36 | മരാമത്തു പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല; നിർവ്വഹണത്തിൽ വീഴ്ച | 3-17 |

| | | |
|---|---|---|
| 37 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രത്യേക ഘടകപദ്ധതി ഫണ്ട് ചെലവഴിച്ചു | 3-18 |
| 38 | ചെക്ക് മെഷർമെന്റ് നടത്താതെ പ്രതിഫലം നൽകി | 3-19 |
| 39 | മരാമത്ത് പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-20 |
| 40 | ഭവന നിർമ്മാണത്തിന് നൽകിയ തുക നാളിതുവരെ തിരികെ ഒടുക്കിയില്ല | 3-21 |
| 41 | പാലിയേറ്റീവ് കെയർ പദ്ധതി- മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചില്ല | 3-22 |
| 42 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- വർഷം മുഴുവൻ നൽകുന്നില്ല | 3-23 |
| 43 | ആശ്രയ പദ്ധതി - അവലോകനം | 3-24 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 44 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 45 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 47 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 48 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 49 | ഓഡിറ്റ് റിക്കവറി | 4-6 |
| 50 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 51 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 21.3.17-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 28.03.17-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസ്ഡ് ബഡ്ജറ്റ് 27.02.18-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1107234 | 10362962 | 9255728 | -- |
| വരവ് | 120329000 | 55777527 | -- | 64551473 |

| | | | | |
|---|---|---|---|---|
| ആകെ | 121436234 | 66140489 | -- | 55295745 |
| ചെലവ് | 115206500 | 59599004 | -- | 55607496 |
| നീക്കിയിരിപ്പ് | 6229734 | 6541485 | 311751 | -- |

യഥാർത്ഥ തുകകളിൽ നിന്നും ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് സമർപ്പിച്ചത്) |
|---|---|---|
| 2017-18 | 31/07/2018 | 23/05/2018 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 26.08.2018-ലെ കെ.എസ്.എ.പി.റ്റി.എ.പി-4/915/18-നമ്പർ വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 10362962 |
| വരവ് | 55777527 |
| ആകെ | 66140489 |
| ചെലവ് | 59599004 |
| നീക്കിയിരിപ്പ് | 6541485 |

## 1-5 ഫണ്ട് വിനിയോഗം

എ) സംസ്ഥാന ഗ്രാന്റുകൾ

| | മുൻ ബാക്കി | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | തൻവർഷ വരവ്/ അലോട്ട്മെന്റ് തുക | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11000000 | 11091000 | 11091000 | 8529254 | 2561746 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6248000 | 6915403 | 6915403 | 6578275 | 337128 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 27000 | 27000 | 27000 | 0 | 27000 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7482000 | 9433650 | 9433650 | 7090369 | 2343281 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2907556 | 2907556 | 2113551 | 794005 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6183868 | 10002280 | 10002280 | 3005108 | 6997172 |
| ലോകബാങ്ക് സഹായം | 0 | 0 | 1135303 | 1135303 | 1070639 | 64664 |

നോട്ട്- വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് വിഹിതം എന്നീയിനങ്ങളിൽ മേൽകാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുകകൾ വർഷാവസാനം ലാപ്സായി പോയതിനാൽ യഥാർത്ഥ നീക്കിയിരിപ്പ് ഇല്ല.

ബി) മറ്റ് ഫണ്ടുകൾ

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 303 | 6826539 | 6826842 | 6805508 | 21334 |
| ജനറൽ പർപ്പസ് ഫണ്ട് (ട്രഷറി) | 594656 | 8796652 | 9391308 | 9104985 | 286323 |
| തനത് ഫണ്ട് (ബാങ്ക്) | 8355656 | 3363201 | 11718857 | 4620863 | 7097994 |
| സാക്ഷരത (ജില്ലാ സഹകരണ ബാങ്ക്) | 543 | 0 | 543 | 0 | 543 |
| ദുരിതാശ്വാസ നിധി (ജില്ലാ സഹകരണ ബാങ്ക്) | 2077 | 19100 | 21177 | 20500 | 677 |
| ട്രഷറി ജോയിന്റ് വെൻച്വർ | 1219322 | 5794041 | 7013363 | 8167496 | -1154133 |
| ഇ-പേയ്മെന്റ് അക്കൗണ്ട് | 0 | 27234 | 27234 | 0 | 27234 |
| ബി-ഫണ്ട് | 0 | 31970900 | 31970900 | 31970900 | 0 |
| പൈക്ക (എസ്.ബി.റ്റി) | 2151 | 0 | 2151 | 0 | 2151 |

സി) തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷ വരവ് | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 2316210 | 2510410 | +194200 |
| നികുതിയേതര വരവുകൾ | 996988 | 1089850 | +92862 |
| മറ്റ് വരവുകൾ | 3167214 | 5885012 | +2717798 |
| ആകെ | 6480412 | 9485272 | +3004860 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2017-18 | 138 | 62097293 | 90 | 33588693 | 48 | 54.1% |

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 15 | 9630750 | 9 | 4925587 | 51.1 |
| സേവനം | 54 | 30013500 | 39 | 15306108 | 51 |
| പശ്ചാത്തലം | 69 | 22453043 | 42 | 13356998 | 59.5 |
| ആകെ | 138 | 62097293 | 90 | 33588693 | 54.1 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 11 | 8 | 10330000 | 2128432 | 20.6 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 1689050 | 1525966 | 90.34 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 84 | 49 | 26685993 | 14118582 | 52.91 |
| വി.ഇ.ഒ | 12 | 3 | 8400000 | 4300000 | 51.19 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 1750000 | 1287619 | 73.58 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 50000 | 50000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 4005000 | 3299019 | 82.37 |
| കൃഷി ഓഫീസർ | 5 | 5 | 3075750 | 2462587 | 80.06 |
| വെറ്ററിനറി സർജൻ | 3 | 3 | 3500000 | 1838000 | 52.51 |
| എച്ച്.എം, ഗവ. എൽ.പി.എസ് | 5 | 5 | 1686500 | 1653488 | 98.04 |
| ഡയറി ഫാം ഇൻസ്പക്ടർ | 1 | 1 | 625000 | 625000 | 100 |
| ആകെ | 138 | 90 | 62097293 | 33588693 | 54.1 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 303 | 832660 | 832963 | 811629 | 21334 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5993879 | 5993879 | 5993879 | 0 |
| ആകെ | 303 | 6826539 | 6826842 | 6805508 | 21334 |

## 1-8 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ ഇനത്തിലെ ചെലവ് |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 367 | 4148800 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1126 | 18772200 |
| വികലാംഗ പെൻഷൻ | 168 | 2126700 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 34 | 388200 |
| വിധവാ പെൻഷൻ | 525 | 6535000 |
| തൊഴിൽ രഹിത വേതനം | 12 | 15360 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/01/2019-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 24,683/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. പൊതുനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം വരുത്തുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നില്ല. ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ വലിയ കാലതാമസം ഓഡിറ്റിൽ അനുഭവപ്പെടുകയും ചെയ്തു. മുൻവർഷത്തെ ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ ജീവനക്കാരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. (പ്രത്യേകിച്ചും ബിൽഡിംഗ് പെർമിറ്റിന്റെ കാര്യത്തിൽ). അസിസ്റ്റന്റ് എഞ്ചിനീയർ ഫയലുകൾ ഹാജരാക്കുന്നതിലും വീഴ്ച വരുത്തി. ആയത് ഭരണസമിതിയുടേയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റേയും ശ്രദ്ധയിൽ പെടുത്തുന്നു.

2. അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എന്നാൽ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. കൂടാതെ, നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ ശരിയായ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടില്ല.

3. രജിസ്റ്ററുകളുടെ പരിപാലനം

(എ) ആസ്തി രജിസ്റ്റർ

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ട് വർഷങ്ങളായി. ആസ്തിരജിസ്റ്ററിൽ 2010വർഷം വരെയുള്ള വിവരങ്ങളേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആസ്തിരജിസ്റ്ററിൽ നാളിതുവരെയുള്ള വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തേണ്ടതും, 26-7-11-ലെ ജി.ഓ(എം.എസ്)152/11/ ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗ് നടത്തേണ്ടതുമാണ്.

(ബി) സ്റ്റോക്ക് രജിസ്റ്റർ

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. സാധനങ്ങൾ വാങ്ങുന്നതിന്റെ വിവരം ചേർക്കുന്നുണ്ടെങ്കിലും, ഓരോയിനവും പ്രത്യേകം പേജിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതിനു പകരം ഇടകലർത്തി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ കേരള ഫിനാൻഷ്യൽ കോഡിലെ നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് ബുക്ക്, ഫോംസ്, സ്റ്റേഷനറി എന്നിവയ്ക്കും ഓഫീസ് ഫർണീച്ചറുകൾക്കും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഒറ്റ രജിസ്റ്ററിൽ തന്നെ എല്ലാ വാങ്ങലുകളുടെയും വിവരം ചേർക്കുകയാണ് ചെയ്തുവരുന്നത്. പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലുകളുടെ ഓഫീസ് കോപ്പിയിൽ എഴുതുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ ഫിനാൻഷ്യൽ കോഡിലെയും പ്രൊക്യൂർമെന്റ് മാന്വലിലെയും നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (കെ.എഫ്.സി. വോള്യം-1, ചാപ്റ്റർ-6, 20.08.2016-ലെ ജി.ഒ.(ആർ.ടി.) നം.2487/16 /എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വൽ ഖണ്ഡിക 4.1.4.3 )

4. ദുരിതാശ്വാസ നിധി

കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ അടിയന്തിര സന്ദർഭങ്ങളിൽ അർഹരായവർക്ക് സഹായം നൽകുന്നതിന് ആവശ്യമായത്ര തുക നിധിയിൽ ഇല്ല(677രൂപ മാത്രം). സംഭാവന വഴിയും കലാകായികവിനോദ പരിപാടികളിലൂടെയും ഇതിനായി ഫണ്ട് സ്വരൂപിച്ച് ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

5. ജനറൽ കമ്മറ്റി

പഞ്ചായത്ത് കമ്മറ്റിയിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ, പൊതുജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കൽ മുതലായ വിവിധ വിഷയങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടക്കുന്നുണ്ട് എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 14.9.17മുതൽ മിനിറ്റ്സ് സകർമ്മ സോഫ്റ്റ്-വെയറിൽ തയ്യാറാക്കുന്നുണ്ട്.

6. ഗ്രാമസഭ

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭയുടെ പ്രവർത്തനങ്ങളും തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ആനുകൂല്യം ലഭിച്ചവർ തന്നെ വീണ്ടും അതേ ആനുകൂല്യങ്ങൾക്കു വേണ്ടി അപേക്ഷിക്കുകയും ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. അർഹതയുള്ള ഗുണഭോക്താക്കൾ ലിസ്റ്റിലില്ലാത്തതിനാൽ ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി നേരിട്ട് തെരഞ്ഞെടുക്കുകയും ഇവരുടെ പേരുകൾ ഗ്രാമസഭയിൽ വച്ച് പിന്നീട് അംഗീകാരം നേടുകയും ചെയ്യുന്ന പ്രവണത കാണുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

7. വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകളൊന്നും വർക്കിംഗ് ഗ്രൂപ്പിൽ നടക്കുന്നില്ല എന്ന് മിനിറ്റ്സിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകൾ തന്നെയാണ് വീണ്ടും ആവിഷ്കരിക്കുന്നത്. പ്രൊജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.11.2018 | 2018 ഒക്ടോബർ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.10.2016മുതൽ 14.11.2016വരെ | 2011-12 മുതൽ 2015-16 വരെ | 3.01.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും, പരിഹരിക്കാത്തതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വസ്തു നികുതിയുടെ ഡിമാന്റ്, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. വാർഷിക ധനകാര്യപത്രിക പ്രകാരം തന്നാണ്ട് വാടക ഇനത്തിൽ 7563 രൂപയും കുടിശ്ശികയിനത്തിൽ 2567 രൂപയും ഈടാക്കാൻ അവശേഷിക്കുന്നു. തന്നാണ്ട് വാടകയിനത്തിൽ പിരിച്ചെടുക്കാനുള്ള 7563 രൂപ പിരിച്ചെടുക്കാനുള്ള യഥാർത്ഥ തുകകളുമായി യോജിക്കുന്നില്ല. സ്റ്റാൾ നം-2, ബങ്ക് 6,7 എന്നിവയുടെ വാടകയിനത്തിലുള്ള 7164 രൂപയും മാർക്കറ്റ് സ്റ്റാളിലെ ബിൽഡിംഗ് നം- 2ന്റെ വാടകയിനത്തിലുള്ള 2652 രൂപയും ഉൾപ്പെടെ 9816 രൂപയാണ് ഈടാക്കാനുള്ളത്. ഇത് പ്രകാരം വാർഷിക അക്കൗണ്ട്സും യഥാർത്ഥ തുകയും തമ്മിലുള്ള വ്യത്യാസം 2253 രൂപയാണ്.

3. റവന്യൂ പിരിവിന്റെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ) 3065/2018/ധന./31.3.18- പ്രകാരം ഗ്രാമപഞ്ചായത്തിന് 63138രൂപ അനുവദിച്ചിരുന്നു. 31.3.18-ൽ ആയതിന്റെ ബില്ല് ട്രഷറിയിൽ സമർപ്പിക്കുകയും സാംഖ്യ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും നാളിതുവരെ തുക ട്രഷറി പാസ്സാക്കി നൽകുകയോ ജനറൽ പർപ്പസ് ഫണ്ട് അക്കൗണ്ടിൽ വരവുവെയ്ക്കുകയോ ചെയ്തിട്ടില്ല.

4. സുലേഖാ സോഫ്റ്റ് വെയറിലെ ചെലവുപത്രികാ റിപ്പോർട്ടിൽ താഴെ പറയുന്ന രണ്ട് പ്രൊജക്ടുകളിൽ അടങ്കൽ തുകയേക്കാൾ കൂടുതലായി ചെലവ്തുക കാണിച്ചിരിക്കുന്നു.

| പ്രൊജക്റ്റ് നം. | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| S.93/18 | 256044 | 269992 |
| S.94/18 | 210340 | 226470 |

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത കെട്ടിടനിർമ്മാണം - ഗുരുതരമായ ചട്ടലംഘനം- അന്വേഷണ വിധേയമാക്കേണ്ടതാണ്.

ശ്രീ.ഷാജി.പി.ജോൺ, കിഴക്കേടം പുത്തൻവീട്, കടപ്ര എന്നയാൾക്ക് വിനിയോഗ ഗണം F-ൽ ഉൾപ്പെടുന്ന ഹോട്ടൽ കെട്ടിടം പണിയുന്നതിന് പെർമിറ്റ് നം-06/2017-18 തീയതി 09-04-2017 പ്രകാരം ഗ്രാമപഞ്ചായത്ത് പെർമിറ്റ് നൽകിയിരുന്നു. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടിയാൻ ഗ്രാമപഞ്ചായത്ത് നൽകിയ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് റിവൈസ്ഡ് പെർമിറ്റില്ലാതെ ഗ്രൂപ്പ്- D വിഭാഗത്തിൽപ്പെടുന്ന ഓഡിറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതായി കണ്ടു.

കടപ്ര വില്ലേജിൽ റീസർവ്വെ നം-247/7-1,247/12,247/9,247/11 ഉൾപ്പെട്ട 19.80ആർ (1980$m^{2}$) സ്ഥലത്താണ് ഓഡിറ്റോറിയം നിർമ്മിച്ചത്. ഗ്രാമപഞ്ചായത്തിന്റെ സാങ്കേതിക വിഭാഗം ഓവർസിയർ 12-03-2018-ൽ നടത്തിയ ഭൗതികപരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം, കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ ഗ്രൗണ്ട് ഫ്ലോർ-801.42$m^2$, ഫസ്റ്റ് ഫ്ലോർ- 801.20$m^2$ ഉൾപ്പെടെ 1602.40$m^2$ കെട്ടിട നിർമ്മാണമാണ് പൂർത്തീകരിച്ചത്. ടി കെട്ടിടനിർമ്മാണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റില്ലാതെയാണ് വിനിയോഗ ഗണം, പ്ലിന്ത് ഏരിയ, ഉപയോഗക്രമം എന്നിവ വ്യത്യാസപ്പെടുത്തി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്.

2. കെ.പി.ബി.ആർ റൂൾ-57 പ്രകാരം 1500$m^2$-ൽ കൂടുതലുള്ള കെട്ടിടനിർമ്മാണത്തിന് ജില്ലാ ടൗൺപ്ലാനറുടെ അനുമതി വാങ്ങേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു അനുമതിയില്ലാതെയാണ് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്.

3. കെ.പി.ബി.ആർ റൂൾ-57(2) പ്രകാരം 800 ച.മീറ്ററിൽ കൂടുതലുള്ള ഗ്രൂപ്പ് D വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് പാർശ്വാങ്കണം (രണ്ടു വശവും) ചുരുങ്ങിയത് 5 മീ വീതി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടി വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

4. കെ.പി.ബി.ആർ റൂൾ-57(8) പ്രകാരം ഗ്രൂപ്പ് D വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് എത്ര നിലകൾ ഉണ്ടായാൽ തന്നെയും പെർമിറ്റ് നൽകുന്നതിന് മുമ്പ് അഗ്നിശമനസേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നോ അനുമതി

വാങ്ങേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു അനുമതി വാങ്ങിയിട്ടില്ല.

5. കെ.പി.ബി.ആർ റൂൾ-35 പ്രകാരം കെട്ടിടത്തിന്റെ അനുവദനീയമായ കവറേജ് 35 ആണ്. എന്നാൽ ടി കെട്ടിടത്തിന്റെ കവറേജ് (801.20 $m^2$/ 1980$m^2$ )X100 = 40.46 ആണ്.

6. കെ.പി.ബി.ആർ റൂൾ-35 പ്രകാരം കെട്ടിടത്തിന്റെ അനുവദനീയമായ തറവിസ്തീർണ്ണാനുപാതം (F.A.R) 0.70ആണ്. എന്നാൽ ടി കെട്ടിടത്തിന്റെ F.A.R- 1577.14 $m^2$/1980$m^2$ =0.80 ആണ്. ഇത് പ്രകാരം നിർമ്മാണം നടത്താവുന്ന അനുവദനീയമായ പ്ലിന്ത് ഏരിയ 1584 ച.മീ മാത്രമാണ്. 396 ച.മീ കെട്ടിടം അധികമായി നിർമ്മാണം നടത്തി.

7. കെ.പി.ബി.ആർ റൂൾ-57(12A) പ്രകാരമുള്ള വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രൊവിഷൻ നൽകിയിട്ടില്ല.

8. കെ.പി.ബി.ആർ റൂൾ-57(12B) പ്രകാരം ഉൽപ്പാദിപ്പിക്കുന്ന മലിനജലത്തിന്റെ റീസൈക്ലിംഗ്, പുനരുപയോഗം എന്നിവയ്ക്ക് ക്രമീകരണം ചെയ്തിട്ടില്ല.

9. കാറ്റഗറി II വിഭാഗത്തിൽപ്പെടുന്ന പഞ്ചായത്തായതിനാൽ കെ.പി.ബി.ആർ റൂൾ-38(1) പ്രകാരം കെട്ടിടത്തിന്റെ ഡൈനിംഗ് ഹാളിന് ആനുപാതികമായി പാർക്കിംഗ് സൗകര്യം ഇല്ല. ഡൈനിംഗ് ഹാളിന്റെ കാർപ്പറ്റ് ഏരിയ 801.20m2 ആണ്. ഇത് പ്രകാരം ആവശ്യമായ പാർക്കിംഗ് 601. ച.മീ ആണ്.




നിർമ്മാണം പൂർത്തിയായ കെട്ടിടം

ശ്രീ ഷാജി.പി.ജോൺ 10-02-2018-ൽ കാറ്റഗറി-ഡി വിഭാഗത്തിൽപ്പെടുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിന് അനുമതിക്കായി അപേക്ഷിച്ചപ്പോൾ മാത്രമാണ് ഇത് സംബന്ധിച്ച് ഒരു പരിശോധന നടത്താൻ ഗ്രാമപഞ്ചായത്തധികൃതർ തയ്യാറായത്. ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ നിന്നും വെറും 100 മീറ്റർ അകലെ തിരുവല്ല-മാവേലിക്കര റോഡിന്റെ അരികിലാണ് ഇപ്രകാരമൊരു അനധികൃത നിർമ്മാണം നടന്നത്. ടി വാർഡിന്റെ ചുമതലയുള്ള ക്ലർക്ക്, സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ എന്നിവരുടെ ശ്രദ്ധയിൽ ഇപ്രകാരമൊരു അനധികൃത നിർമ്മാണം വന്നില്ലായെന്നത് വളരെ ഗുരുതരമായ സ്ഥിതി വിശേഷമാണ്. കെ.പി.ബി.ആർ റൂൾ-19 പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണവേളയിൽ വ്യതിയാനം കണ്ടെത്തുകയാണെങ്കിൽ പെർമിറ്റ് ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നടത്തിയ ഈ വൻകെട്ടിടനിർമ്മാണം അന്വേഷിച്ച് റിപ്പോർട്ട് നൽകിയത് ഓവർസീയർ ആണ്. ഇത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാങ്കേതികവിഭാഗത്തിന്റെ ചുമതലയുള്ള അസ്സിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്താതിരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14-03-2018-ലെ എ2-850/18ാം നമ്പർ കത്ത് പ്രകാരം കെട്ടിടനിർമ്മാണം നിർത്തിവയ്ക്കാൻ കെട്ടിട ഉടമയ്ക്ക് ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകി. ടി നോട്ടീസിൽ നിർമ്മാണം നിർത്തിവയ്ക്കുന്നതിനും 7 ദിവസത്തിനുള്ളിൽ വിശദീകരണം രേഖാ മൂലം ലഭ്യമാക്കുന്നതിനും അല്ലാത്തപക്ഷം കെട്ടിട ഉടമയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ കെട്ടിട നിർമ്മാണം നിർത്തിവച്ച് ടിയാൻ രേഖാമൂലം ഗ്രാമപഞ്ചായത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ടി കെട്ടിടത്തിന് നൽകിയ പെർമിറ്റ് ക്യാൻസൽ ചെയ്യുന്നതിനോ നിയമനടപടികൾ സ്വീകരിക്കുന്നതിനോ ഗ്രാമപഞ്ചായത്തധികൃതർ തയ്യാറായിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി(നം.-31/29-01-2019) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിടനിർമ്മാണം പൂർണ്ണമായി പൂർത്തീകരിച്ചതായി കണ്ടു. രണ്ടു നിലയും പൂർണ്ണമായും ശീതീകരിച്ച കെട്ടിടമാണ്. ഗ്രാമപഞ്ചായത്ത് ഒക്കുപെൻസി സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യത്തിൽ എപ്രകാരമാണ് വൈദ്യുതി, വാട്ടർ കണക്ഷനുകൾ ലഭിച്ചതെന്ന് വ്യക്തമല്ല. നിലവിൽ കെട്ടിടം കല്യാണ ആവശ്യങ്ങൾക്കായി നൽകി തുടങ്ങിയിട്ടുണ്ട്. ഓഡിറ്റ് നടക്കുന്ന വേളയിൽ ടി കെട്ടിടത്തിൽ കല്യാണപ്പരിപാടികൾ നടക്കുന്നതായി കാണാൻ കഴിഞ്ഞു. ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റോ ഒക്കുപ്പെൻസി സർട്ടിഫിക്കറ്റോ ഇല്ലാതെ ഗ്രാമപഞ്ചായത്തധികൃതരുടെ കൺമുൻപിൽ ഇപ്രകാരമൊരു കെട്ടിടം പ്രവർത്തിക്കുന്നത് ഭരണസംവിധാനത്തോടുള്ള വെല്ലുവിളിയായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാസമയം പെർമിറ്റ് ക്യാൻസൽ ചെയ്ത് നിയമനടപടികൾ സ്വീകരിക്കാതിരുന്ന ഗ്രാമപഞ്ചായത്തധികൃതരുടെ വീഴ്ച ഭരണവകുപ്പിന്റെയും ജില്ലാ ടൗൺപ്ലാനറുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ടി വിഷയത്തിൽ വകുപ്പുതലത്തിൽ തുടർനടപടികൾ ഉണ്ടാകണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-2 വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത

ശ്രീ ബോബി ജോൺ, ഒറ്റതെങ്ങിൽ, പരുമല.പി.ഒ എന്നയാളുടെ ഉടമസ്ഥയിലുള്ള വാണിജ്യാവശ്യത്തിലുള്ള കെട്ടിടത്തിന് 2017-18 സാമ്പത്തിക വർഷം നമ്പരിട്ട് നൽകുകയും വെവ്വേറെ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. 260.8 ച.മീ കെട്ടിടത്തിനാണ് നമ്പരിട്ട് വസ്തു നികുതി നിർണ്ണയിച്ച് നൽകിയത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന (28-09-2011-ലെ 1-ാം നമ്പർ തീരുമാനം) പ്രകാരം 100 ച.മീ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 30 രൂപയും 100 ച.മീറ്ററിന് മുകളിൽ 50രൂപയുമാണ്. ഇതനുസരിച്ച് 260.8 ച.മീറ്ററിനും 50രൂപ നിരക്കിലായിരുന്നു വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് 260.8ച.മീ

കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് നൽകിയപ്പോൾ വ്യത്യസ്ത നിരക്കുകളാണ് സ്വീകരിച്ചത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ ഇവിടെ കെട്ടിടത്തിന്റെ ഉപയോഗക്രമം ഒന്നുതന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | തറ വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി | ഈടാക്കേണ്ട വസ്തുനികുതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | 9/158 A | 149.2 $m^2$ | 149.2x 50= 7460 | 149.2x 50= 7460 | 0 |
| 2 | 9/158 B | 27.9 $m^2$ | 27.9x 50= 702 | 27.9x 30= 837 | 135 |
| 3 | 9/158C | 27.9 $m^2$ | 27.9x 50= 702 | 27.9x 30= 837 | 135 |
| 4 | 9/158 D | 27.9 $m^2$ | 27.9x 50= 702 | 27.9x 30= 837 | 135 |
| 5 | 9/158 E | 27.9 $m^2$ | 27.9x 50= 702 | 27.9x 30= 837 | 135 |
| | | | | ആകെ | 540 |

മുകളിൽ പറഞ്ഞ പ്രകാരം നികുതി നിർണ്ണയത്തിലുണ്ടായ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.-27/28-01-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരമുള്ള അപാകത പരിഹരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിച്ച് തുകകൾ ഈടാക്കാത്തപക്ഷം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടത്തിന് നിലവിലെ സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

## 2-3 വസ്തുനികുതി നിർണ്ണയിച്ച് ഫീ ഈടാക്കിയത് ക്രമവൽക്കരിച്ചിട്ടില്ല

ശ്രീ.എ.കെ.ഹരിദാസ്, ചാമലയിൽ എന്നയാളുടെയും ശ്രീ.കെ.ജെ.പ്രസന്നൻ, കിടങ്ങിൽ എന്നയാളുടെയും ഉടമസ്ഥയിലുള്ള വാണിജ്യാവശ്യത്തിലുള്ള കെട്ടിടത്തിന് 2017-18 സാമ്പത്തിക വർഷം നമ്പരിട്ട് നൽകുകയും വെവ്വേറെ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. 462 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടമാണ് രണ്ട് പേരുടെയും പേരിലായി നമ്പരിട്ട് നൽകിയത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന (28-09-2011-ലെ 1-ാം നമ്പർ തീരുമാനം) പ്രകാരം 100 ച.മീ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 30 രൂപയും 100 ച.മീറ്ററിന് മുകളിൽ 50രൂപയുമാണ്. ഇതനുസരിച്ച് 462ച.മീറ്ററിനും 50 രൂപ നിരക്കിലായിരുന്നു വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് 462ച.മീ കെട്ടിടത്തിന് നമ്പരിട്ട് നൽകിയപ്പോൾ വ്യത്യസ്ത നിരക്കുകളാണ് സ്വീകരിച്ചത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ ഇവിടെ കെട്ടിടത്തിന്റെ ഉപയോഗക്രമം ഒന്നുതന്നെയാണ്.

പെർമിറ്റ് നം-177/2016-17 തീയതി 21-11-2016 പ്രകാരം 406.6 $m^2$ കെട്ടിടത്തിന്റെ നിർമ്മാണത്തിനാണ് അനുവാദം നൽകിയത്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചത് 462ച.മീ വിസ്തീർണ്ണമുള്ള കെട്ടിടമാണ്. അധികമായി നിർമ്മിച്ച 56 ച.മീ കെട്ടിടം ക്രമവൽക്കരിക്കുകയോ അവശ്യമായ ക്രമവൽക്കരണ ഫീ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തുനികുതി | ഈടാക്കിയ വസ്തുനികുതി | വ്യത്യാസം | |
|---|---|---|---|---|---|---|---|
| 1 | 6/330B | എ.കെ. ഹരിദാസ് ചാമലയിൽ | 103 $m^2$ | 103x 50= 5150 | 103x 30= 3090 | 2060 | |
| 2 | 6/330E | | 32 $m^2$ | 32x 50= 1600 | 32x 30= 960 | 640 | |
| 3 | 6/330F | | 32 $m^2$ | 32x 50= 1600 | 32x 30= 960 | 640 | |

| | | | | | | |
|---|---|---|---|---|---|---|
| 4 | 6/330H | | 32 $m^2$ | 32x 50= 1600 | 32x 30= 960 | 640 |
| 5 | 6/330I | | 32 $m^2$ | 32x 50= 1600 | 32x 30= 960 | 640 |
| 6 | 6/330D | | 103 $m^2$ | 103x 50= 5150 | 103x 30= 3090 | 2060 |
| | 6/330J | | 32 $m^2$ | 32x 50= 1600 | 32x 30= 960 | 640 |
| | 6/330K | കെ.ജെ. പ്രസന്നൻ കിടങ്ങിൽ | 32 $m^2$ | 32x 50= 1600 | 32x 30= 960 | 640 |
| | 6/330L | | 32 $m^2$ | 32x 50= 1600 | 32x 30= 960 | 640 |
| | 6/330M | | 32 $m^2$ | 32x 50= 1600 | 32x 30= 960 | 640 |
| | | | | ആകെ | | 9240 |

മുകളിൽ പറഞ്ഞ പ്രകാരം നികുതി നിർണ്ണയത്തിലുണ്ടായ അപാകതയ്ക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-28/28-01-2019)നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം അപാകത പരിഹരിച്ച് ക്രമവൽക്കരണ നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിക്കാതെ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടാകുന്ന പക്ഷം ആയതിന് നിലവിലെ സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

## 2-4 വസ്തുനികുതി നിർണ്ണയം നടത്തിയതിൽ വീഴ്ച

ശ്രീ അനീഷ് യോഹന്നാൻ, വിഴയിൽ എന്നയാളുടെ ഉടമസ്ഥയിലുള്ള വാണിജ്യാവശ്യത്തിലുള്ള കെട്ടിടം 2017-18 സാമ്പത്തിക വർഷം നമ്പരിട്ട് നൽകുകയും വെവ്വേറെ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. 901.99 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിനാണ് 10/375A-G എന്നിങ്ങനെ 7 വ്യത്യസ്ത നമ്പരുകൾ നൽകിയത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം (28-09-2011-ലെ 1-ാം നമ്പർ തീരുമാനം) 100ച.മീ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 30 രൂപയും 100 ച.മീറ്ററിന് മുകളിൽ 50രൂപയുമാണ്. അസ്സസ്മെന്റ് രേഖകൾ പ്രകാരം ആദ്യത്തെ രണ്ട് നമ്പരുകൾക്കും കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യം എന്നും അടുത്ത അഞ്ച് നമ്പരുകൾക്കും അസംബ്ളി കെട്ടിടം എന്നമാണ് കാണിച്ചിരിക്കുന്നത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിടം പൂർണ്ണമായും വാണിജ്യാവശ്യത്തിന് ഉപയോഗിച്ച് വരുന്നതായാണ് കണ്ടത്. ഇതനുസരിച്ച് 901.99 ച.മീറ്ററിനും 50 രൂപ നിരക്കിലായിരുന്ന വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് 901.99ച.മീ കെട്ടിടത്തിന് നമ്പരിട്ട് നൽകിയപ്പോൾ വ്യത്യസ്ത നിരക്കുകളാണ് സ്വീകരിച്ചത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ.



സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്ന കെട്ടിടം

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ ആദ്യത്തെ നിലയിൽ പൂർണ്ണമായും സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നതായി കണ്ടു. ഭരണസമിതിയുടെ 28-09-2011-ലെ 1-ാം നമ്പർ തീരുമാന പ്രകാരം 200 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യവാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 70 രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈടാക്കിയിരിക്കുന്നത് ച.മീറ്ററിന് 30 രൂപ മാത്രമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | തറ വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി | ഈടാക്കേണ്ട വസ്തുനികുതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | 10/375 A | 292.91$m^2$ | 292.91x 30= 8787 | 292.91x 70= 20504 | 11717 |
| 2 | 10/375 B | 340.94 $m^2$ | 340.94x 30= 10228 | 340.94x 50= 17047 | 6819 |

| | | | | | |
|---|---|---|---|---|---|
| 3 | 10/375 C | 75.37 $m^2$ | 75.37x 20= 1507 | 75.37x 50= 3769 | 2262 |
| 4 | 10/375 D | 48.90 $m^2$ | 48.90x 20= 978 | 48.90x 50= 2445 | 1467 |
| 5 | 10/375 E | 54.51 $m^2$ | 54.51x 20= 1090 | 54.51x 50= 2726 | 1636 |
| 6 | 10/375 F | 81.46 $m^2$ | 81.46x 20= 1629 | 81.46x 50= 4073 | 2444 |
| 7 | 10/375 G | 7.90 $m^2$ | 7.90x 20= 158 | 7.97x 50= 3769 | 396 |
| | | | | ആകെ | 26741 |

മുകളിൽ പറഞ്ഞ പ്രകാരം നികുതി നിർണ്ണയത്തിലുണ്ടായ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (29/28-01-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വസ്തുനികുതി നിർണ്ണയത്തിൽ ഉണ്ടായ അപാകത പരിഹരിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 2-5 വാടക ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്ത് മാർക്കറ്റിലെ 3 മുറികൾ, പഞ്ചായത്ത് ഷോപ്പിംഗ് ഹാളിലെ 4 മുറികൾ, മാർക്കറ്റിലുള്ള 5 സ്റ്റാളുകൾ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5 സ്റ്റാളുകൾ എന്നിവയാണ് വാടകക്ക് നൽകിയത്. 2016-17 വർഷത്തെ വാടകയിൽ 5 % വർദ്ധിപ്പിച്ചാണ് 2017-18 വർഷം വാടക ഈടാക്കിയിട്ടുള്ളത്. വാടക സംബന്ധിച്ച രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) മാർക്കറ്റ് സ്റ്റാളിലെ III, IV റൂമുകൾ 2014-15 വർഷം മുതൽ വാടകയ്ക്ക് നൽകുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/22-01-2019) ലഭ്യമാക്കിയ മറുപടിയിൽ മെയിന്റൻസ് ആവശ്യമായതിനാൽ 2014-15 വർഷം മുതൽ വാടകക്ക് നൽകുന്നില്ലായെന്നാണ് അറിയിച്ചത്. ടി കടമുറികൾ മെയിന്റനൻസ് നടത്തി ഉപയോഗയോഗ്യമാക്കി വാടകയ്ക്ക് നൽകുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ടി വിഷയത്തിൽ ഉണ്ടാകേണ്ടതുമാണ്.

2) സ്റ്റാൾ നം-2, ബങ്ക് 6,7 എന്നിവ വാടകയ്ക്കെടുത്തവർ 2017-18 വർഷം വാടക തുക അടവാക്കിയില്ല. സ്റ്റാൾ നം-2 വാടകയ്ക്കെടുത്തത് ശ്രീ രാജപ്പൻ കൊച്ചുതോപ്പിൽ എന്നയാളാണ്. സ്റ്റാളിന്റെ വാടക മാസം 221 രൂപയായിരുന്നു. ബങ്ക് 6 വാടകയ്ക്കെടുത്തത് ശ്രീ വർഗ്ഗീസ് എന്നയാളാണ്. ബങ്ക് 7 വാടകയ്ക്കെടുത്തത് ശ്രീ അനുജൻ പണിക്കർ, മടയിൽ വടക്കേതിൽ എന്നയാളാണ്. മാസം 188 രൂപ വീതമാണ് വാടക.

സ്റ്റാൾ നം-2 ന്റെ വാടകയിനത്തിൽ 2652 രൂപയും ബങ്ക് 6,7 എന്നിവയുടെ വാടകയിനത്തിൽ 4512 രൂപയും ഉൾപ്പെടെ 7164 രൂപ 2017-18 വർഷം വാടകയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ടി കച്ചവടക്കാർക്ക് തന്നെയാണ് 2018-19 സാമ്പത്തിക വർഷവും ടി കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടകയിനത്തിൽ പിരിച്ചെടുക്കാനുള്ള 7164 രൂപ വരവ് നഷ്ടമായി കണക്കാക്കുന്നു. ആയത് തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

3) മാർക്കറ്റ് സ്റ്റാളിലെ ബിൽഡിംഗ് നം- 2/235B വാടകയ്ക്കെടുത്തത് ശ്രീ റ്റി ആർ പ്രകാശ്, തോണ്ടുപുറത്ത് എന്നയാളാണ്. 5% വർദ്ധനവ് പ്രകാരം 3011 രൂപയാണ് മാസ വാടക. എന്നാൽ മാസ വാടക ഈടാക്കിയിരിക്കുന്നത് 2779 രൂപ വച്ചാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഓരോ മാസവും പിരിച്ചെടുക്കാൻ അവശേഷിച്ച 221 രൂപയും പലിശയും ഉൾപ്പെടെ 3745 രൂപ 21-01-2019-ലെ 118040104289-ാം നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചു.

4) വാർഷിക ധനകാര്യപത്രിക പ്രകാരം തന്നാണ്ട് വാടക ഇനത്തിൽ 7563 രൂപയും കുടിശ്ശികയിനത്തിൽ 2567 രൂപയും ഈടാക്കാൻ അവശേഷിക്കുന്നു. തന്നാണ്ട് വാടകയിനത്തിൽ പിരിച്ചെടുക്കാനുള്ള 7563 രൂപ പിരിച്ചെടുക്കാനുള്ള യഥാർത്ഥ തുകകളുമായി യോജിക്കുന്നില്ല. സ്റ്റാൾ നം-2, ബങ്ക് 6,7 എന്നിവയുടെ വാടകയിനത്തിലുള്ള 7164 രൂപയും മാർക്കറ്റ് സ്റ്റാളിലെ ബിൽഡിംഗ് നം-2ന്റെ വാടകയിനത്തിലുള്ള 2652 രൂപയും ഉൾപ്പെടെ 9816 രൂപയാണ് ഈടാക്കാനുള്ളത്. ഇത് പ്രകാരം വാർഷിക അക്കൗണ്ട്സും യഥാർത്ഥ തുകയും തമ്മിലുള്ള വ്യത്യാസം 2253 രൂപയാണ്.

കുടിശ്ശികയിനത്തിൽ 2567 രൂപ പിരിച്ചെടുക്കാനുള്ളത് സ്റ്റാൾ നം-2 വാടകയ്ക്കെടുത്ത ശ്രീ രാജപ്പൻ കൊച്ചുതോപ്പിൽ എന്നയാളിൽ നിന്നുമുള്ള 2016-17 വർഷത്തെ തുകയാണ്. ടിയാൾ തന്നെയാണ് ഇപ്പോഴും ടി കടമുറി ഉപയോഗിക്കുന്നത്. വാടക തുക ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. വാടക കുടിശ്ശികയുള്ള വ്യക്തികൾക്ക് തന്നെ 2017-18 സാമ്പത്തിക വർഷവും ടി കടമുറികൾ വാടകയ്ക്ക് നൽകിയ നടപടി ക്രമവിരുദ്ധമാണ്.

### 2-6 ക്ഷീരോത്പാദക സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിൽ കടപ്ര, വളഞ്ഞവട്ടം, പരുമല, പുളിക്കീഴ് എന്നിവടങ്ങളിൽ ക്ഷീരോത്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സംഘങ്ങളിലെ ജീവനക്കാരുടെ/തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും തൊഴിലാളികളുടെ എണ്ണം കൃത്യമായി ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-7 ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവ്യത്തിയുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുകകൾ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവ്യത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവ്യത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപയാണ്. 2016-17, 2017-18വർഷങ്ങളിൽ താഴെ പറയുന്ന പ്രവ്യത്തികളിലെ ടെണ്ടർ ഫീസാണ് തിരികെ ലഭിക്കാനുള്ളത്.

| പ്രവ്യത്തി | ടെണ്ടർഫീസ് | ആകെ തുക |
|---|---|---|
| S.121/17-18-ശ്മശാനം അനുബന്ധപ്രവ്യത്തികൾ. | @2500<br>( 2 ടെണ്ടറുകൾ) | 5000 |
| S.088/18-വാലുപറമ്പ് പുല്ലംപ്ലാവ് പടി റോഡ്. | @1250<br>(3ടെണ്ടറുകൾ) | 3750 |
| S.132/16-17(SO.23/17-18)-പഞ്ചായത്താഫീസിന്റേയും അനുബന്ധസ്ഥാപനങ്ങളുടേയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. | @2000<br>(2ടെണ്ടറുകൾ) | 4000 |
| | ആകെ | 12750 |

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നി ന്നും തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രോജക്റ്റ് നിർവ്വഹണത്തിൽ വീഴ്ച- 1.31കോടി രൂപ നഷ്ടപ്പെടുത്തി

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 1,31,24,996രൂപ നഷ്ടമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ വകയിരുത്തിയ തുക | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവഴിച്ചത് | ചെലവ് % | നഷ്ടമായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11522995 | 11091000 | 8529254 | 77% | 2561746 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 8018000 | 6915403 | 6578275 | 95.1% | 337128 |
| വികസനഫണ്ട് റ്റി.എസ്.പി | 27000 | 27000 | 0 | 0% | 27000 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 12102233 | 9433650 | 7090369 | 75.2% | 2343281 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 3957690 | 2907556 | 2113551 | 72.7% | 794005 |
| $13^{th}$ CFCഗ്രാന്റ് | 6283868 | 10002280 | 3005108 | 30% | 6997172 |
| ലോകബാങ്ക് ധനസഹായം | 1206549 | 1135303 | 1070639 | 94.3% | 64664 |
| ആകെ | | | | | 13124996 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാത്തതാണ് ഇത്രയധികം തുക ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയത്. ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല എന്ന് വ്യക്തമാണ്. ഭാവിയിൽ ഇപ്രകാരം അപാകത ഉണ്ടാകാതിരിക്കാൻ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-2 ശമ്പള പരിഷ്കരണം- പെൻഷൻ അംശദാനം - പുതുക്കിയ നിരക്കിൽ ഒടുക്കിയിട്ടില്ല

2014 ശമ്പള പരിഷ്കരണ ഉത്തരവ് ( ജി.ഒ(പി)7/16/ധന തീയതി 20.01.16) പ്രകാരം 7/14 മുതൽ 1/16 വരെയുള്ള കുടിശ്ശിക പി.എഫിൽ ലയിപ്പിക്കേണ്ടതാണ്. ടി ഉത്തരവ് ഖണ്ഡിക48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്ക് വരുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച തുക അടിയന്തിരമായി ഒടുക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി കണക്കാക്കി യഥാസമയം ഒടുക്കുന്നത് സംബന്ധിച്ച് ജി.ഒ(എം.എസ്) 205/90/എൽ.എ.സി/3.12.1990, ഗവ.സർക്കുലർ നം.54140/ഇ.പി.എ.-2/07/ത.സ്വ.ഭ.വ./ 26.06.08, പഞ്ചായത്ത് ഡയറക്ടറുടെ 17.11.03-ലെ സർക്കുലർ നം. എഫ്3/26572/03- എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓരോ മാസത്തേയും പെൻഷൻ കോൺട്രിബ്യൂഷൻ തൊട്ടടുത്ത മാസം 5-ാം തീയതിയ്ക്ക് മുമ്പായി അടയ്ക്കേണ്ടതാണെന്നും, അപ്രകാരം ചെയ്യാതിരിക്കുന്നതു മൂലം ഉണ്ടാകാവുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണെന്നും മേൽ നിർദ്ദേശങ്ങളിൽ വ്യക്തമായിട്ടുള്ളതുമാണ്.

## 3-3 തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

തെരുവുവിളക്കുകളുടെ വൈദ്യുതിചാർജിനത്തിൽ പ്രതിവർഷം 7,88,628രൂപ പഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തണമെന്ന 07.07.2010ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ- നമ്പർ സർക്കുലർ നിർദ്ദേശം പഞ്ചായത്ത് നാളിതുവരെ നടപ്പിലാക്കിയില്ല. യഥാസമയം നിർദ്ദേശം നടപ്പാക്കാത്തതുമൂലം മീറ്ററിംഗ് ചെലവിന്റെ 50% സബ്സിഡി ലഭിക്കുമായിരുന്നത് നഷ്ടമായി. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. ഇക്കാരണത്താൽ വൈദ്യുത ചാർജ്ജിനത്തിൽ പ്രതിമാസം ഉണ്ടാകുന്ന അധികച്ചെലവ് തുടർന്ന് വരുന്നു. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ നാളിതുവരെ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കി വൈദ്യുത ചാർജ്ജിനത്തിൽ പ്രതിമാസം ഉണ്ടാകുന്ന അധികച്ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പൊതു ടാപ്പുകളുടെ വെള്ളക്കരം - പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നു

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 251 ടാപ്പുകൾക്ക് പ്രതിമാസം 1,09,813രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി 13.10.2011-ലാണ് സംയുക്തപരിശോധന

നടത്തിയിട്ടുള്ളത്. പ്രസ്തുത പരിശോധനയിൽ 251 പൊതുടാപ്പുകൾ ഉപയോഗപ്രദമാണെന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. 13.10.2011ലെ പരിശോധനക്ക് ശേഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിനോ പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുന്നതിനോ/ഇവയുടെ വെള്ളക്കരം ഒഴിവാക്കുന്നതിനോ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പൊതുടാപ്പുകളേക്കാൾ ഗാർഹിക കണക്ഷന് മുൻഗണന നൽകണമെന്നും അപ്രകാരം ചെയ്ത ശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ ക്രമേണ നിർത്തലാക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയുടെ [ജി.ഒ.(എം.എസ്)362/2013തീയതി 16.11.2013] അനുബന്ധം 1 ഖണ്ഡിക നം (8) ൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശവും പഞ്ചായത്ത് പാലിച്ചിട്ടില്ല. ഇപ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷന് നൽകുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചും, സംയുക്തപരിശോധന നടത്തിയും പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പെട്ടിയും പറയും പദ്ധതി- അധികമായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | നെൽകൃഷിയ്ക്കാവശ്യമായ പെട്ടിയും പറയും (167/18) |
| വകയിരുത്തിയ തുക | 740000- വികസന ഫണ്ട് |
| ചെലവഴിച്ച തുക | 707000 |
| ബിൽ നമ്പരും തീയതിയും | 4 തീയതി 23-03-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

ടി പ്രോജക്ട് പ്രകാരം കെയ്കോ, തിരുവല്ല എന്ന സ്ഥാപനത്തിൽ നിന്നുമാണ് 20 എച്ച്.പി മോട്ടോറിന്റെ 2 പെട്ടിയും പറയും വാങ്ങി ചേന്നംകരി പാടശേഖരസമിതിക്ക് നൽകിയത്. ആയതിന് 707000 രൂപ ചെലവഴിച്ചു, ഓരോന്നിനും 353500 രൂപ വീതമായിരുന്നു ബിൽതുക. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം നെൽകൃഷി ജലസേചനത്തിനുള്ള പെട്ടിയും പറയുമുള്ള യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇത് പ്രകാരം ജില്ലാതലത്തിൽ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 289000 രൂപയാണ്. (11/05/2017-ലെ റ്റി.ബി.(2)13472/16-ാം നമ്പർ കത്ത് പ്രകാരം യൂണിറ്റ്കോസ്റ്റ് നിശ്ചയിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകിയ കത്ത്). ഇത് കൂടാതെ 20000രൂപ കൂടി ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ഇൻസ്റ്റലേഷൻ ചാർജ്ജ് എന്നീയിനങ്ങളിൽ നൽകാമെന്ന് ടി കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം രണ്ട് പെട്ടിയും പറയുമായി 598000 രൂപ മാത്രമാണ് ആകെ ചെലവഴിക്കാവുന്നത്. അധികമായി 109000 രൂപ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/22-01-2019) ലഭ്യമാക്കിയ മറുപടിയിൽ ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത് സംബന്ധിച്ച് അറിവില്ലായിരുന്നു എന്നാണ് അറിയിച്ചത്.



ഗോഡൗണിൽ സൂക്ഷിച്ചിട്ടുള്ള പെട്ടിയും പറയും

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഒരു പെട്ടിയും പറയും സ്ഥാപിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. നിലവിൽ ടി പെട്ടിയും പറയും ചേന്നംകരി പാടശേഖരസമിതിയുടെ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയത് അടിയന്തിരമായി ഉപയോഗയോഗ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ നടപടി സ്വീകരിക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ടി വിഷയത്തിൽ ക്രിയാത്മകമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. നം. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ കാരണം പെട്ടിയ്ക്കും പറയ്ക്കും അധികമായി ചെലവിട്ട 109000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികമായി ചെലവിട്ട തുക പാടശേഖരസമിതിയിൽ നിന്നും ക്രമീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-6 പൾസ് പോളിയോ പദ്ധതി- അധികമായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ (73/18) |
| വകയിരുത്തിയ തുക | 25000- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവഴിച്ച തുക | 25000 |

| | |
|---|---|
| ബിൽ നമ്പരും തീയതിയും | 5 തീയതി 31-03-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

തദ്ദേശസ്വയം ഭരണവകുപ്പിന്റെ 08-03-2018-ലെ സ.ഉ (സാധാ) നം. 647/2018/ ത.സ്വ.ഭ.വ പ്രകാരം പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് പരമാവധി ചെലവഴിക്കാവുന്ന തുക 10000രൂപ മാത്രമാണ്. എന്നാൽ ആയതിന് വിരുദ്ധമായി 15000രൂപ അധികമായി പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചു. വാക്സിനേഷൻ നടത്തുന്നതിനായി വിവിധ സബ്സെന്ററുകളിൽ വാക്സിൻ കൊണ്ടുപോകുന്നതിനാണ് ടി തുക ചെലവഴിച്ചത്. വാക്സിനേഷൻ നടത്തുന്നതിന് ടി പദ്ധതി പ്രകാരം തുക ചെലവഴിക്കാൻ സാധിക്കുന്നതല്ല. ആയതിന് തനത് ഫണ്ടിൽ നിന്ന് തുക കണ്ടെത്തുകയോ എച്ച്.എം.സി ഫണ്ട് ചെലവഴിക്കുകയോയാണ് ചെയ്യേണ്ടിയിരുന്നത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ അധികമായി ചെലവിട്ട 15000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പഞ്ചായത്തിന്റെ പരസ്യം നൽകിയത് - ചെലവ് തുക നിരാകരിക്കുന്നു

പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര പച്ചക്കറി കൃഷി എന്ന പദ്ധതിയുടെ വ്യാപകമായ പ്രചരണത്തിന്, പരുമല പനയന്നാർകാവ് ശ്രീമുത്താരമ്മൻ ബാലഭദ്രാക്ഷേത്രത്തിന്റെ സപ്താഹയജ്ഞം പരിപാടിയുടെ നോട്ടീസിൽ പഞ്ചായത്ത് പരസ്യം നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 21700167/7.6.17) പഞ്ചായത്ത് കമ്മിറ്റിയുടെ 5.6.2017-ലെ VI(2)-ാം നമ്പർ തീരുമാനം പ്രകാരമാണ് 3000/- രൂപ ചെക്ക് നമ്പർ 3464/7.6.17 പ്രകാരം നൽകിയിട്ടുള്ളത്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ 3(3) പ്രകാരം പഞ്ചായത്തുകൾ, വ്യക്തികൾക്കും സംഘടനകൾക്കും ആക്റ്റിലോ ചട്ടങ്ങളിലോ സർക്കാർ ഉത്തരവുകളിലോ നിർദ്ദേശിക്കപ്പെട്ട പ്രകാരമല്ലാതെ പണമായി സഹായം നൽകുവാനോ നിയമാനുസൃതമല്ലാത്ത പരസ്യച്ചെലവുകൾ വഹിക്കുവാനോ മത-രാഷ്ട്രീയ-തൊഴിലാളി സംഘടനകൾ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് ചെലവ് ചെയ്യുവാനോ അപ്രകാരം ഉള്ള ചെലവുകൾ ഏതെങ്കിലും തരത്തിൽ അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്തുവാനോ പാടില്ലാത്തതാകുന്നു. മേൽ സാഹചര്യത്തിൽ പരസ്യ ചെലവായ 3000 രൂപ നിരാകരിക്കുന്നു.

## 3-8 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി

2017-18 സാമ്പത്തിക വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ 4 പേരും ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വൃദ്ധജന പരിപാലനം എന്ന പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ 8 പേരും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</u>

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (50/18) |
| വകയിരുത്തിയ തുക | 125000 |
| ചെലവഴിച്ച തുക | 120000 |
| ബിൽ നമ്പരും തീയതിയും | 6 തീയതി 23-03-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

ഭരണസമിതിയുടെ 28-02-2018-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരമാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക |
|---|---|
| നിത്യ.റ്റി.ആർ തോപ്പിൽ | 30000 |
| അമൽകൃഷ്ണൻ | 15000 |

| | |
|---|---|
| ഉളപ്പിൽ | |
| അഞ്ജന.ബി.അനി ഉളപ്പിൽ | 15000 |

ടി ഗുണഭോക്താക്കളുടെ അർഹത ഗ്രാമസഭ അംഗീകരിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/22-01-2019)ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അഭാവത്തിൽ ഭരണസമിതി തീരുമാനപ്രകാരമാണ് തുക നൽകിയതെന്നും ഗ്രാമസഭയിൽ വച്ച് ടി ഗുണഭോക്താക്കളുടെ അർഹതയ്ക്ക് സാധൂകരണം വാങ്ങിയിട്ടില്ലെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം വാങ്ങി മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയ തുക നിരാകരിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ബി) വൃദ്ധജന പരിപാലനം

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വൃദ്ധജന പരിപാലനം (65/18) |
| വകയിരുത്തിയ തുക | 341250 |
| ചെലവഴിച്ച തുക | 341250 |
| ബിൽ നമ്പരും തീയതിയും | 15തീയതി 3-03-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ടെണ്ടർ നടപടി പ്രകാരം ഒളിമ്പിയ സ്റ്റീൽസ്, തിരുവാർപ്പ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ് 91 കട്ടിലുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. 3750 രൂപയായിരുന്നു ഒരു കട്ടിലിന്റെ വില. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ 8 പേർ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് നമ്പർ | കട്ടിലിന്റെ വില |
|---|---|---|---|
| 1 | മറിയാമ്മ യോഹന്നാൻ, ചെറുതോട്ടത്തിൽ | III | 3750 |
| 2 | തങ്കപ്പൻ, വാഴേപ്പറമ്പിൽ, വളഞ്ഞവട്ടം | IV | 3750 |
| 3 | രാമചന്ദ്രൻ,മീനത്തേരിൽ, വളഞ്ഞവട്ടം | IV | 3750 |
| 4 | ചിന്നമ്മ യോഹന്നാൻ, മേൽപുരയിടം, പരുമല | IX | 3750 |
| 5 | തങ്കപ്പൻ.എ.വി, അച്ചാവേലിൽ | X | 3750 |
| 6 | സി.ആർ.പാപ്പച്ചൻ, ചൂരവേലിൽ | X | 3750 |
| 7 | വിജയമ്മ, കോലംപറമ്പിൽ കോളനി, കടപ്ര | XI | 3750 |
| 8 | രാജമ്മ ഗോപാലൻ, വടക്കേവീട്ടിൽ, കടപ്ര | XI | 3750 |

ടി ഗുണഭോക്താക്കളുടെ അർഹത ഗ്രാമസഭ അംഗീകാരിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/22-01-2019)ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അഭാവത്തിൽ ഭരണസമിതിയുടെ 08-02-2018-ലെ 2-ാം നമ്പർ തീരുമാനപ്രകാരമാണ് തുക നൽകിയതെന്നും ഗ്രാമസഭയിൽ വച്ച് ടി

ഗുണഭോക്താക്കളുടെ അർഹതയ്ക്ക് സാധൂകരണം വാങ്ങിയിട്ടില്ലെന്നമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്.

പ്രസ്തുത സാഹചര്യത്തിൽ ടി പ്രോജക്ടുകളിൽ ഭരണസമിതി തീരുമാന പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ അർഹത ഗ്രാമസഭയിൽ വച്ച് സാധൂകരണം വാങ്ങേണ്ടതാണ്. നിലവിൽ സാധൂകരണം വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരമുള്ള 60000 രൂപയും വൃദ്ധജന പരിപാലനം എന്ന പ്രോജക്ട് പ്രകാരമുള്ള 30000 രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബഹു.കേരള ഹൈക്കോടതിയുടെ 1997 ഏപ്രിൽ മാസം 4-ാം തീയതിയിലെ O.P (No.) 18175/1996 എൽ എന്ന കേസിലെ വിധിന്യായത്തിൽ ഗ്രാമസഭ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് നിയമപരമായ ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമസഭയിൽ നിന്നും ഗുണഭോക്താക്കളുടെ അർഹതയ്ക്ക് സാധൂകരണം ലഭ്യമാകുന്നില്ലായെങ്കിൽ ടി തുക നിരാകരിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## 3-9 ഗുണഭോക്തൃ ലിസ്റ്റില്ലാതെ പദ്ധതി ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | പട്ടികജാതി വിഭാഗകാർക്ക് വാട്ടർ ടാങ്ക് (53/18) |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | അസിസ്റ്റന്റ് സെക്രട്ടറി |
| *വകയിരുത്തിയ തുക* | 287100/- (വികസന ഫണ്ട് - എസ്.സി.പി) |
| *ചെലവഴിച്ച തുക* | 286106/- (ബിൽ നം. 7/17-18 /27.3.18) |

പ്രസ്തുത പദ്ധതി പ്രകാരം 218 പേർക്ക് 500 ലിറ്റർ വാട്ടർ ടാങ്ക് വിതരണം ചെയ്തിട്ടുണ്ട്. 1750രൂപ വിലയുള്ള വാട്ടർ ടാങ്കിന്റെ ഗുണഭോക്തൃ വിഹിതമായി 438രൂപ വീതം ഓരോ വ്യക്തിയിൽ നിന്നും ഈടാക്കിയിട്ടുണ്ട്. എന്നാൽ, പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പേര് വിവരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതി ആനുകൂല്യത്തിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഗ്രാമസഭകൾ വഴിയാണ്. വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രസ്തുത പദ്ധതിയ്ക്ക് വ്യാപക പ്രചരണം നൽകി, അപേക്ഷകൾ സ്വീകരിച്ച്, പരിശോധന നടത്തി, യോഗ്യതാ-മുൻഗണനാ മാനദണ്ഡങ്ങൾക്ക് വിധേമായി ഗ്രാമസഭകളിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കണമെന്നുള്ള നടപടികൾ സ്വീകരിക്കാഞ്ഞത് ക്രമപ്രകാരമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/25.1.19), പഞ്ചായത്ത് കമ്മിറ്റിയുടെ 17.3.2018-ലെ I-ാം നമ്പർ തീരുമാനം പ്രകാരം ഗുണഭോക്തൃ പട്ടികയ്ക്ക് അടുത്ത ഗ്രാമസഭയിൽ സാധൂകരണം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇതിന് ശേഷം 5/2018, 11/2018 മാസങ്ങളിൽ ഗ്രാമസഭകൾ നടന്നിട്ടുണ്ടെങ്കിലും ലിസ്റ്റിന് സാധൂകരണം വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും, ഭരണ സമിതിയും അധികൃതരും നടപടികൾ സ്വീകരിക്കാതിരുന്നത് ഓഡിറ്റ് വളരെ ഗൗരവമായി കാണുന്നു. ബഹു.കേരള ഹൈക്കോടതിയുടെ 1997 ഏപ്രിൽ മാസം 4-ാം തീയതിയിലെ O.P (No.) 18175/1996 എൽ എന്ന കേസിലെ വിധിന്യായത്തിൽ ഗ്രാമസഭ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് നിയമപരമായ ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ ചെലവുതുക (രൂപ 286106) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റിയിടീൽ (39/18) |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | സെക്രട്ടറി |
| *വകയിരുത്തിയ തുക* | 600000 (വികസന ഫണ്ട്- ജനറൽ) |
| *ചെലവഴിച്ച തുക* | 592008/- (ട്രഷറി ബിൽ നം. 14/17-18/28.3.18) |

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തിലെ 1 (മൂന്ന് എണ്ണം), 3, 4, 5 (രണ്ട് എണ്ണം), 6, 8, 15 എന്നീ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 592008രൂപ ഒടുക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി-യുമായി ചമച്ച കരാർ പ്രകാരം (നമ്പർ എ4-2105/17/12.2.18) പ്രസ്തുത പ്രവൃത്തികൾ 2018 മാർച്ച് 31-നകം പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ 592008രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 ഫയലുകളും ട്രഷറി ബിൽബുക്കും ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫയലുകളും 2017-18വർഷത്തെ ട്രഷറി ബിൽ ബുക്കും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് | ചെലവു തുക |
|---|---|---|
| 1 | S.15/18-പൊതുസ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് വക സ്ഥലത്തിന് ചുറ്റുമതിൽ. | 366565 |
| 2 | S.20/18-പയ്യമ്പള്ളി കോളനി പുനരുദ്ധാരണം. | 149866 |
| 3 | S.27/18-കൈപ്പള്ളിൽ ഉടിശ്ശാല റോഡ് നിർമ്മാണം. | 279993 |
| 4 | S.138/18-മൃഗാശുപത്രി കെട്ടിടം മെയിന്റനൻസ്. | 200000 |
| | ആകെ | 996424 |

ഫയലുകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറിയും(നം.19/25.1.19) 29.1.19-ൽ സമ്മൻസും (ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്- *section 11(I)(b), rule 8, sub-rule (2)* പ്രകാരം*)* നൽകിയെങ്കിലും മേൽപറഞ്ഞ ഫയലുകൾ നാളിതുവരെ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 12(1)(2) എന്നിവ പ്രകാരം, ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകൾ നിലവിലില്ല എന്നു കരുതാവുന്നതും ഓഡിറ്റിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഈ സാഹചര്യത്തിൽ 996424രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 ശ്മശാനം റോഡ് അനുബന്ധ പ്രവൃത്തികൾ- അപാകത

| | |
|---|---|
| പ്രൊജക്ട് നം. | S.121/17-18 |
| അടങ്കൽ തുക | രൂ.1766868 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-141868+ ബ്ലോക്ക് ഫണ്ട്- 1625000) |
| ചെലവു തുക | 1515151 (141868+1373283) |
| കരാറുകാരൻ | ശ്രീ.സാനു.പി.എസ്, പ്രാക്കട്ടേത്ത് |

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ വാല്യവേഷൻ തുക 1515151രൂപയാണ്. ആദായനികുതിയായി 15152രൂപയും, ക്ഷേമനിധി വിഹിതമായി 15152രൂപയും വർക്ക് ബില്ലിൽ കുറവുചെയ്ത് കാണിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ കുറയ്ക്കാതെ മുഴുവൻ തുകയും കരാറുകാരൻ ശ്രീ.സനു.പി.എസ്- ന് നൽകി. (ധനകാര്യകമ്മീഷൻ ഗ്രാന്റ്- 141868രൂപ, ബ്ലോക്ക് വിഹിതം- 1373283രൂപ). മേൽപറഞ്ഞ 30304രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

2. തുകകൾ കരാറുകാരന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. എ.ബുക്കിൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തുകയോ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിവരങ്ങൾ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.17/22.1.19) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ആയതിനാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കി ഒടുക്കാത്തപക്ഷം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും നഷ്ടം ഈടാക്കി ഒടുക്കേ

വരുത്തേണ്ടതാണ്. മറ്റുള്ള അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 3-13 കല്ലുവാരം കോളനി നടപ്പാത ഇന്റർലോക്ക് പ്രവൃത്തി- കൺവീനറുടെ പേരിൽ പ്രതിഫലം നൽകിയില്ല

| | |
|---|---|
| പ്രൊജക്ട് നം. | SO.18/18 (S.116/17) |
| അടങ്കൽ തുക | രൂ. 200000 (വികസനഫണ്ട്-എസ്.സി.പി) |
| ചെലവു തുക | രൂ. 192261 (ബിൽ തീയതി-27.9.17) |
| കൺവീനർ | ശ്രീമതി ശോഭന, കല്ലുവാരം |

പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 15.12.16-ൽ കൂടിയ ഗുണഭോക്താക്കളുടെ യോഗത്തിൽ, ശ്രീമതി ശോഭനയെ കൺവീനറായും ശ്രീ.രാജേന്ദ്രൻ.കെ.ജി- എന്ന വ്യക്തിയെ ചെയർമാനായും ആണ് തിരഞ്ഞെടുത്തിരുന്നത്. എന്നാൽ ഫൈനൽ ബില്ല് മാറി പ്രതിഫലം നൽകിയത് ശ്രീ.രാജേന്ദ്രന്റെ പേരിലാണ്.(അക്കൗണ്ട് നം.6516006673). മാത്രവുമല്ല, 232/16-17-ാം നമ്പർ എം.ബുക്കിൽ കൺവീനറുടെ പേര് രേഖപ്പെടുത്തേണ്ടതിനു പകരം ശ്രീ.രാജേന്ദ്രന്റെ പേരാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽപറഞ്ഞ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/29.1.19) മറുപടിയായി, തുക ശ്രീ.രാജേന്ദ്രന് നൽകിയതിനു ശേഷമാണ് ഈ വിഷയം ശ്രദ്ധയിൽ പെട്ടതെന്നും ശ്രീമതി ശോഭനയ്ക്ക് ആയതിൽ പരാതി ഉണ്ടായിട്ടില്ലെന്നുമാണ് അസി.എഞ്ചിനീയർ മറുപടി നൽകിയത്. അസി.എഞ്ചിനീയറുടെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഒരു പ്രവൃത്തി നിർവ്വഹിക്കപ്പെടുമ്പോൾ ഗുണഭോക്തൃസമിതി തെരഞ്ഞെടുത്ത കൺവീനർ ആരാണെന്നും എഗ്രിമെന്റ് വെച്ച് വർക്ക് ഓർഡർ നൽകിയത് ആർക്കാണെന്നും നിർവ്വഹണഉദ്യോഗസ്ഥന് കൃത്യമായി അറിയാവുന്ന സാഹചര്യത്തിൽ, യഥാർത്ഥ കൺവീനർക്ക് തുക നൽകാതിരുന്നതിൽ ദുരൂഹതയുണ്ട്. മാത്രവുമല്ല, ശ്രീമതി ശോഭനയുടെ രേഖാമൂലമുള്ള സമ്മതപത്രമൊന്നും ഫയലിലില്ല. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളിൽ പാലിക്കേണ്ടതായ നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ലുകൾ, വൗച്ചറുകൾ, മസ്റ്റർറോൾ, കൺവീനറുടേയും ചെയർമാന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് ട്രാൻസാക്ഷൻ നടത്തിയതിന്റെ പാസ്ബുക്ക്, വരവുചെലവു കണക്കുകൾ ഗുണഭോക്തൃകമ്മറ്റി അംഗീകരിച്ചതിന്റെ രേഖകൾ എന്നിവയും ഫയലിലില്ല. പ്രസ്തുത വിഷയത്തിൽ വകുപ്പുതലത്തിൽ വിശദമായ അന്വേഷണത്തിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

മേൽ അപാകതകളാൽ 192261രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 തെരുവു നായ നിയന്ത്രണം- കൂട്, ഷെൽറ്റർ എന്നിവയുടെ നിർമ്മാണം- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO.140/18(S.140/16, S.20/17) |
| അടങ്കൽ തുക | രൂ.660000 (S.20/17പ്രകാരം-860000) |
| ചെലവു തുക | രൂ.200000(2016-17-ൽ)<br>രൂ.117805 (തീയതി-31.3.18) |
| കൺവീനർ | ശ്രീ.എൻ.എം.തോമസ്, നെടുമണ്ണിൽ |

ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ജില്ലാപഞ്ചായത്ത് വിഹിതം 860000രൂപ അടങ്കൽ തുക വകയിരുത്തിയാണ് മുൻവർഷം പ്രൊജക്ട് ആവിഷ്കരിച്ചിരുന്നത്. എന്നാൽ പിന്നീട് 345000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി ചെയ്തിരിക്കുന്നത്. ഇതിന് അംഗീകാരം ലഭിച്ചതായി രേഖയില്ല.

2. പ്രവൃത്തി ടെണ്ടർ മുഖേന നിർവ്വഹിക്കുന്നതിനായിരുന്നു അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ ഈ പ്രവൃത്തി ടെണ്ടർ ചെയ്യാതെ കൺവീനർ മുഖേനയാണ് നിർവ്വഹിച്ചിരിക്കുന്നത്.

3. ഗുണഭോക്തൃസമിതി യോഗം വിളിച്ചു കൂട്ടിയതിന്റെ രേഖകളൊന്നും ഹാജരാക്കിയില്ല. മിനിറ്റ്സ്, നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ലുകൾ, വൗച്ചറുകൾ, മസ്റ്റർറോൾ, സംയുക്ത അക്കൗണ്ടിന്റെ പാസ്ബുക്ക് മുതലായവയൊന്നും തന്നെ ഫയലിലില്ല.

4. കൺവീനറായി എഗ്രിമെന്റ് വെച്ചിരിക്കുന്നത് ശ്രീ.എൻ.എം.തോമസ് എന്നയാളാണ്. എന്നാൽ എം.ബുക്കിലും വർക്ക് ബില്ലിലും ശ്രീ.പാപ്പച്ചൻ എന്ന പേരാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രസ്തുത പ്രവൃത്തിയിലെ അപാകതകൾ സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക-3-6-ൽ പരാമർശിച്ചിരുന്നതും 200000രൂപയുടെ ചെലവ് തടസ്സത്തിൽ വെച്ചിരുന്നതുമാണ്. പ്രസ്തുത അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല എന്നു മാത്രമല്ല, കൺവീനർക്ക് 117805രൂപ കൂടി തൻവർഷം നൽകുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ തൻവർഷത്തെ ചെലവു കൂടി ( രൂപ 117805) ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനം ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ/കൺവീനർ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില(@238രൂപ+ജി.എസ്.റ്റി) കുറവ് ചെയ്യണമായിരുന്നു. ഇ-ഗവൺമെൻറ് പ്രൊക്വയർമെൻറ് ടെണ്ടർ നോട്ടീസിലെ 71- ാം ഇനമായി ഉൾപ്പടുത്തിയിട്ടുള്ള വ്യവസ്ഥയിൽ സിമന്റ് ബാഗ്, കാലിബാരൽ എന്നിവ സ്ഥാപനത്തിലേക്ക് തിരിച്ചേൽപ്പിക്കേണ്ടതില്ലെന്നും ആയതിന് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവാകുന്ന നിശ്ചിത വില ബില്ലിൽ നിന്നും ഈടാക്കിയാൽ മതിയെന്നും സൂചിപ്പിച്ചിട്ടുണ്ട്. ബാരൽ വില കുറവ് ചെയ്യാതിരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര്,<br>കരാറുകാരൻ/കൺവീനർ | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക<br>(ജി.എസ്.റ്റി ഒഴികെ) |
|---|---|---|---|
| 1 | ബാലവാടി ജംഗ്ഷൻ-റബർതോട്ടം റോഡ് റീടാറിംഗ് (S.127/18)<br>(കൺവീനർ-ജിത്ത് മണിയപ്പൻ) | 18 | 4284 |
| 2 | ബാലവാടി ജംഗ്ഷൻ-മുട്ടത്തേരിക്കടവ് റോഡ് (S.19/18)<br>(കൺവീനർ-ലൂയിസ്.കെ.ജയിംസ്) | 13 | 3094 |
| 3 | ഇടക്കാട്ടിൽ പടി- പി.എച്ച്.സി റോഡ് പുനരുദ്ധാരണം (S.22/18)<br>(കൺവീനർ-ഹരികുമാരൻ നായർ) | 25 | 5950 |
| 4 | മലയിൽ കോളനി റോഡ് റീടാറിംഗ് (S.24/18)<br>(കൺവീനർ-ഗോപിക.ജി) | 13 | 3094 |
| 5 | പരുമല പള്ളി കുരുമ്പേശ്വരം റോഡ് റീടാറിംഗ്(S.08/18)<br>(കൺവീനർ-ശരത് രവീന്ദ്രൻ) | 25 | 5950 |
| 6 | ചക്കാലമലയിൽ റോഡ് റീടാറിംഗ്(S.07/18) | 14 | 3332 |

| | | | |
|---|---|---|---|
| | (കൺവീനർ-സി.എം.തോമസ് | | |
| 7 | മേപ്രാശേരിപ്പടി തച്ചാറപ്പടി റോഡ് റീടാറിംഗ്(S.09/18)<br><br>(കൺവീനർ-പീതാംബരദാസ്) | 21 | 4998 |
| 8 | മാലോം വീട്ടിൽ കളത്തുരേത്ത് പടി റോഡ്(S.101/18)<br><br>(കരാറുകാരൻ-ബിനോയ്.വി.പി) | 9 | 2142 |
| | ആകെ | | 32844 |

ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ/കൺവീനറിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്താത്ത പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-16 6-ാം നമ്പർ അംഗൻവാടി അപകടാവസ്ഥയിൽ

ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ സ്ഥിതിചെയ്യുന്ന ആറാം നമ്പർ അംഗൻവാടി അപകടാവസ്ഥയിലാണെന്ന് ഭൗതികപരിശോധനാവേളയിൽ ബോധ്യപ്പെട്ടു.

2014-15വർഷം S.78/15 നമ്പരായും 2015-16-ൽ S.87/16നമ്പരായും 16-17-ൽ S.07/17 നമ്പരായും പ്രസ്തുത അംഗൻവാടിയുടെ മെയിന്റനൻസിനായി പ്രൊജക്ട് ആവിഷ്കരിച്ചെങ്കിലും പ്രവൃത്തി നടപ്പാക്കാതെ സ്പിൽ ഓവറായി നീട്ടിക്കൊണ്ടുപോകുകയും, അവസാനം 17-18-ൽ S.139/18-നമ്പരായി പ്രവൃത്തി ചെയ്യുകയും ചെയ്തു. ഓട് മാറ്റിയിടീൽ, പി.വി.സി സീലിംഗ്, കിണർനിർമ്മാണം, പമ്പ് സെറ്റും ടാങ്കും സ്ഥാപിക്കൽ, മുറ്റത്ത് ടൈൽസ് പാകൽ എന്നീ പ്രവൃത്തികളാണ് തൻവർഷം ചെയ്തത്. എന്നാൽ അംഗൻവാടിയുടെ ഭിത്തി വിണ്ടു കീറിയ നിലയിലും, ജനൽപ്പാളികൾ ദ്രവിച്ച അവസ്ഥയിലുമാണ് എന്ന് ഭൗതികപരിശോധനാവേളയിൽ വ്യക്തമായി. ഇത് പഞ്ചായത്ത് അധികൃതർ കണ്ടിട്ടേയില്ല. അംഗൻവാടിയിലെ കുട്ടികളും ജീവനക്കാരും ഭയത്തോടെയാണ് അംഗൻവാടിയ്ക്കുള്ളിൽ കഴിയുന്നതെന്ന് ഓഡിറ്റിൽ അറിയിക്കുകയുണ്ടായി. മാത്രവുമല്ല, ടോയിലറ്റിന്റെ അവസ്ഥയും ദയനീയമാണ്. സമീപത്തുള്ള തെങ്ങിൽ നിന്ന് ഓലയും തേങ്ങയും വീണ് ഓടുകൾ സ്ഥിരമായി പൊട്ടിക്കൊണ്ടിരിക്കുന്നു.

തൻവർഷം അംഗൻവാടിയ്ക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ചുരുക്കിപ്പറഞ്ഞാൽ അംഗൻവാടിയെ പഞ്ചായത്ത് അധികൃതർ ഉപേക്ഷിച്ച മട്ടാണ്. ചെറിയ ഒരു മെയിന്റനൻസ് പ്രവൃത്തി പോലും പൂർത്തീകരിക്കുന്നതിന് 4വർഷമെടുത്തു എന്നത് ഇതിന് തെളിവാണ്.




വിണ്ടു കീറിയ ഭിത്തിയും ദ്രവിച്ച ജനലും

അംഗൻവാടിയുടെ പരിതാപകരമായ അവസ്ഥ മാറ്റിയെടുക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാണ്.

## 3-17 മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല; നിർവ്വഹണത്തിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/ 13/തസ്വഭവ- പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്റ്റിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുമുണ്ട്. എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി.എഞ്ചിനീയർമാർക്കും നൽകുകയും ചെയ്തിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം ചില മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത് എന്ന് ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ആയത് ഗുരുതരമായ കൃത്യവിലോപമാണ്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം-13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ

സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി.എക്സി.എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ കാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും താഴെ പറയുന്ന കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും ഹാജരാക്കിയിട്ടില്ല. നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ കാഷ് ബില്ലുകൾ, സംയുക്ത അക്കൗണ്ടിന്റെ പാസ് ബുക്ക്, ഗുണഭോക്തൃസമിതി യോഗം ചേർന്നതായുള്ള രേഖകൾ മുതലായവ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. വരവ്-ചെലവ് കണക്കുകൾ ഗുണഭോക്തൃകമ്മറ്റി യോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തിട്ടില്ല എന്ന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇവയെല്ലാം തന്നെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ വീഴ്ചയാണ്.

പ്രവൃത്തികളുടെയും അപാകതകളുടേയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി, കൺവീനർ | എം.ബുക്ക്, തുക, ബിൽ നം., തീയതി | അപാകത |
|---|---|---|---|
| 1 | S.07/18(S.82/17)- ചക്കാലമലയിൽ റോഡ് റീടാറിംഗ്.<br>(കൺവീനർ- ശ്രീ.സി.എം.തോമസ്, ചക്കാല മലയിൽ) | 62/16-17<br>ബിൽ തീയതി- 19-01-2018<br>രൂ.366200 | ബിറ്റുമിൻ ഒഴികെയുള്ള നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| 2 | SO.134/18(S.125/17)- മുട്ടത്ത് കുരിയിലപ്പടി റോഡ് ഫില്ലിംഗ്.<br>(പി.റ്റി.മത്തായി, പെരുമ്പുഞ്ചയിൽ) | 45/16-17<br>ബിൽ തീയതി- 6.7.17<br>രൂ.148576 | ഗുണഭോക്തൃസമിതി യോഗം ചേർന്നതിന്റെ രേഖകൾ, നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. എഗ്രിമെന്റുകൾ അപൂർണ്ണവുമാണ്. |
| 3 | SO.08/18(S.83/17)- പരുമല പള്ളി കുരുമ്പേശ്വരം റോഡ് റീടാറിംഗ്.<br>(ശരത് രവീന്ദ്രൻ) | 73/17-18<br>ബിൽ തീയതി- 23.1.18<br>രൂ.289003 + 100000 =389003 | വർക്ക് ബില്ല്, ഗുണഭോക്തൃസമിതി യോഗം ചേർന്നതിന്റെ രേഖകൾ, എഗ്രിമെന്റുകൾ, ബിറ്റുമിൻ ഒഴികെയുള്ള നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| 4 | SO.10/18(S.89/17)- കടപ്ര ജംഗ്ഷൻ വളമംഗലം റോഡ് മെയിന്റനൻസ്.<br>(മിനി ജോസ്, വിഴലിൽ) | 234/16-17<br>ബിൽ തീയതി- 25.8.17<br>രൂ.69467 | വർക്ക് ബില്ല്, ഗുണഭോക്തൃസമിതി യോഗം ചേർന്നതിന്റെ രേഖകൾ, നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. എഗ്രിമെന്റിൽ |

| | | | |
|---|---|---|---|
| | | | സമിതിയംഗങ്ങൾ ഒപ്പ വെച്ചിട്ടുമില്ല. |
| 5 | SO.14/18(S.110/17)- പരുമല ഗവ. എൽ.പി.എസ് അറ്റകുറ്റപ്പണികളും ചുറ്റുമതിൽ നിർമ്മാണവും.<br>(പി.എ.അബ്ദുൾ കരീം) | 240/16-17<br>ബിൽ തീയതി- 14.11.17<br>രൂ.403195 | ഗുണഭോക്തൃസമിതി യോഗം ചേർന്നതിന്റെ രേഖകൾ, നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| 6 | SO.18/18(S.116/17)- കല്ലുവാരം കോളനി നടപ്പാത ഇന്റർലോക്ക് ചെയ്യൽ.<br>(ശോഭന) | 232/16-17<br>ബിൽ തീയതി- 27.9.17<br>രൂ.192261 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| 7 | SO.16/18(S.113/17)- അംഗൻവാടി നം.2 അറ്റകുറ്റപ്പണികളും കുടിവെള്ളം ലഭ്യമാക്കലും.<br>(ലീലാമ്മ.വി.എസ്) | 171/16-17<br>ബിൽ തീയതി- 27.9.17<br>രൂ.89120 | ഗുണഭോക്തൃസമിതി യോഗം ചേർന്നതിന്റെ രേഖകൾ, നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. 8-ാം വാർഡിലെ അംഗൻവാടി പ്രവൃത്തിയുമായി ബന്ധപ്പെട്ട മിനിറ്റ്സാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| 8 | SO.24/18(S.144/17)- മലയിൽ കോളനി റോഡ് റീടാറിംഗ്.<br>(ഗോപിക.ജി) | 63/17-18<br>ക്രമ<br>നം.<br>പ്രവൃത്തി, കൺവീനർ<br>എം.ബുക്ക്, തുക, ബിൽ നം., തീയതി<br>അപാകതബിൽ തീയതി- 19.1.18<br>രൂ.199766 | ഗുണഭോക്തൃസമിതി യോഗം ചേർന്നതിന്റെ രേഖകൾ, നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| 9 | SO.130/18(S.94/17)- മലയിൽ തോപ്പിൽ തോട്ടുങ്കൽ റോഡ് ഇന്റർലോക്കിംഗ്.<br>(ജയശ്രീ വിജയൻ) | 206/16-17<br>ബിൽ തീയതി- 9.8.17<br>രൂ.355627 | ഗുണഭോക്തൃസമിതി യോഗം ചേർന്നതിന്റെ രേഖകൾ, നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് |

| | | | |
|---|---|---|---|
| | | | ഓർഡർ എന്നിവയില്ല. |
| 10 | SO.30/18-വള്ളക്കാലി കോളനി റോഡ് കോൺക്രീറ്റിംഗ്.<br><br>(കെ.ജി.ബിജു) | 15/16-17<br><br>ബിൽ തീയതി-3.7.17<br><br>രൂ.228536 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| 11 | SO.22/18(S.130/17)-ഇടക്കാട്ടിൽ പടി പി.എച്ച്.സി റോഡ് പുനരുദ്ധാരണം.<br><br>(കെ.ജി.ഹരികുമാരൻ നായർ) | 64/17-18<br><br>ബിൽ തീയതി-19.1.18<br><br>രൂ.397252 | ബിറ്റുമിൻ വാങ്ങിയത് ഒഴികെയുള്ള (രൂ.158309) നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| 12 | SO.17/18(S.115/17)-അംഗൻവാടി നം.16 അറ്റകുറ്റപ്പണികൾ.<br><br>(സൂസമ്മ ഫിലിപ്പ്) | 239/16-17<br><br>ബിൽ തീയതി-27.9.17<br><br>ക്രമ<br><br>നം.<br><br>പ്രവൃത്തി, കൺവീനർ<br><br>എം.ബുക്ക്, തുക, ബിൽ നം., തീയതി<br><br>അപാകതരൂ.88131 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| 13 | SO.133/18(S.123/17)-ചാൽക്കര കോളനി പുനരുദ്ധാരണം.<br><br>(രവീന്ദ്രൻ) | 14/16-17<br><br>ബിൽ തീയതി-27.9.17<br><br>രൂ.146198 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| 14 | S.13/18-തൈപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ്.<br><br>(ജയാ ഉദയൻ) | 233/16-17<br><br>ബിൽ തീയതി-29.7.17<br><br>രൂ.199892 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| 15 | S.29/18-കുറുമ്പേശ്വരം താഴയിൽ റോഡ് കോൺക്രീറ്റിംഗ്.<br><br>(വിൻസെന്റ്.പി.എസ്) | എം. ബുക്കിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.<br><br>ബിൽ തീയതി-3.7.17<br><br>രൂ.139656 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ല്, വൗച്ചറുകൾ, മസ്റ്റർ റോൾ, വർക്ക് ഓർഡർ എന്നിവയില്ല. |
| | ആകെ തടസ്സപ്പെടുത്തിയ തുക | 3412880 | |

കൃത്യമായ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച മേൽപറഞ്ഞ തുകകൾ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. കൃത്യവും ആധികാരികവുമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽപ്പറഞ്ഞ അപാകതകൾ അന്വേഷണവിധേയമാക്കുവാൻ ഓഡിറ്റിൽ

ശുപാർശ ചെയ്യുന്നു.

## 3-18 ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് ഇല്ലാതെ പ്രത്യേക ഘടകപദ്ധതി ഫണ്ട് ചെലവഴിച്ചു

പട്ടികജാതി വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക ജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് സ.ഉ.(എം.എസ്)നം.72/2017/തസ്വഭവ തീയതി:29.03.17, ഖ.13-1(6) പ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ പട്ടികജാതി വികസന ഫണ്ട് ചെലവഴിച്ചു. പ്രസ്തുത നടപടി ക്രമപ്രകാരമല്ല. പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ തുക | ചെലവു തുക | ബിൽ തീയതി |
|---|---|---|---|---|
| 1 | വലിയ കോട്ടയ്ക്കൽ കോളനി പുനരുദ്ധാരണം (S.148/18) | 470000 | 469597 | 24.2.18 |
| 2 | പയ്യംപള്ളി കോളനി സംരക്ഷണഭിത്തി കെട്ടി മണ്ണിട്ടുയർത്തൽ (S.81/18) | 357383 | 356171 | 28.12.17 |
| 3 | മലയിൽ കോളനി റോഡ് റീടാറിംഗ് (SO.24/18) | 200000 | 199766 | 19.1.18 |
| 4 | കല്ലുവാരം കോളനി നടപ്പാത ഇന്റർലോക്ക് ചെയ്യൽ (S.18/18) | 200000 | 192261 | 27.9.17 |
| 5 | തൈപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് (S.13/18) | 200000 | 199892 | 27.9.17 |
| | ആകെ | | 1417687 | |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മുകളിൽ പരാമർശിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-19 ചെക്ക് മെഷർമെന്റ് നടത്താതെ പ്രതിഫലം നൽകി

| | |
|---|---|
| പ്രൊജക്ട് നം., പേര് | S.030/18-വള്ളക്കാലി കോളനി റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ തുക | രൂ.229000(മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക | രൂ.228536 (ബിൽ തീയതി 3-07-2017) |
| കൺവീനർ | ശ്രീ കെ.ജി.ബിജു, കരിശ്ശുംമൂട്ടിൽ |

പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്ക് (നം.15/16-17) പരിശോധിച്ചതിൽ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് അളവുകൾ സാക്ഷ്യപ്പെടുത്താതെയാണ് പ്രവൃത്തിയുടെ ബില്ല് മാറി പ്രതിഫലം കൺവീനർക്ക് നൽകിയതെന്ന് ബോധ്യപ്പെട്ടു. മെഷർമെന്റുകൾ രേഖപ്പെടുത്തിയത് അസി.എഞ്ചിനീയർ കൈയ്യൊപ്പു വെച്ചിട്ടുമില്ല. തുകയുടെ പാസ്സ് ഓർഡർ മാത്രമാണ് അസി.എഞ്ചിനീയറും അസി.എക്സി.എഞ്ചിനീയറും ഒപ്പു വെച്ചിരിക്കുന്നത്. ആയത് വളരെ ഗുരുതരമായ കൃത്യവിലോപമാണ്. ഇതിന് മേൽപറഞ്ഞ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിഷയം വകുപ്പുതല നടപടികൾക്കായി ശ്രദ്ധയിൽ പെടുത്തുന്നു. ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-20 മരാമത്ത് പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം

ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3-Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പ്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയത്തിൽ തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-21 ഭവന നിർമ്മാണത്തിന് നൽകിയ തുക നാളിതുവരെ തിരികെ ഒടുക്കിയില്ല

2015-16 സാമ്പത്തിക വർഷം ആശ്രയ ഭവന പദ്ധതിയുടെ (പ്രോജക്റ്റ് നം.024/15-16) ഭാഗമായി സർക്കാരുമായി കരാറിൽ ഏർപ്പെട്ട 4 ഗുണഭോക്താക്കളിൽ 3 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡുവായ 20000 രൂപ (ബിൽ നം.07/15-16 /21.03.16) കൈപ്പറ്റിയ ശ്രീമതി ലാലമ്മ ബേബി, തോപ്പിൽ പടിഞ്ഞാറ്റേതിൽ, പരുമല എന്ന ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം തുടങ്ങിയിട്ടില്ല. ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കുകയോ, നിർമ്മാണം പൂർത്തീകരിക്കുവാൻ ഗുണഭോക്താവിന് കഴിയാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് മുൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും, വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു നടപടിയും സ്വീകരിക്കാത്തത് ഓഡിറ്റ് ഗൗരവമായി വിലയിരുത്തുന്നു. പ്രസ്തുത ഗുണഭോക്താവിൽ നിന്നും തുക അടിയന്തിരമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-22 പാലിയേറ്റീവ് കെയർ പദ്ധതി- മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പരും പേരും | പാലിയേറ്റീവ് കെയർ പദ്ധതി (123/18) |
| വകയിരുത്തിയ തുക | 600000- വികസന ഫണ്ട്<br>500000- ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവഴിച്ച തുക | 591000- വികസന ഫണ്ട്<br>307239- ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് 100000 രൂപ 28-12-2017,54805 രൂപ 20-03-2018, 35107 രൂപ 31-03-2018 എന്നീ തീയതികളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് അടവാക്കി. കൂടാതെ ജില്ലാ പഞ്ചായത്ത് വിഹിതമായ 307239 രൂപയിൽ 196000രൂപ മരുന്നിനും ബാക്കി തുകയായ 111239രൂപ മെഡിക്കൽ ഉപകരണങ്ങൾക്കുമായി ടി സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ ഓഡിറ്റ് സമയത്തും ടി സ്ഥാപനത്തിൽ നിന്നും മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചിട്ടില്ല. 497151 രൂപയുടെ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാകാതിരിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽ രോഗികൾക്ക് ഏറ്റവും അവശ്യവും അത്യന്താപേക്ഷിതവുമായ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ

ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതും നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-23 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- വർഷം മുഴുവൻ നൽകുന്നില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(പ്രോജക്ട നം-144/18) ആവശ്യമായ തുക വകയിരുത്താത്തതിനാൽ 2017-18 സാമ്പത്തിക വർഷം മുഴുവനും ക്ഷീരകർഷകർക്ക് സബ്സിഡി നൽകാൻ സാധിച്ചില്ല. 625000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും 2017- നവംബർ മാസം വരെ മാത്രമെ കർഷകർക്ക് ആനുകൂല്യം നൽകാൻ സാധിച്ചുള്ളു. തനത് ഫണ്ട്- 25000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-300000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം-300000 രൂപ ഉൾപ്പെടെ 625000 രൂപയാണ് വകയിരുത്തിയതും ചെലവഴിച്ചതുമായ തുക.

പരുമല, വളഞ്ഞവട്ടം, കടപ്ര,പുളിക്കീഴ് എന്നീ നാല് ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. നാല് സംഘങ്ങളിലായി 161 കർഷകർക്ക് നവംബർ മാസം വരെ ആനുകൂല്യം നൽകി. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം കർഷകർക്ക് 30000 രൂപ വരെ ആനുകൂല്യം നൽകാൻ സാധിക്കുമ്പോൾ വകയിരുത്തിയ ഫണ്ടിന്റെ കുറവ് മൂലം പരമാവധി 20000 രൂപ വരെ മാത്രമേ കർഷകർക്ക് നൽകാൻ സാധിച്ചിട്ടുള്ളൂ. കൂടാതെ ടി പ്രോജക്ടിൽ ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് വകയിരുത്തിയിരുന്നില്ല. 100 % തുക ചെലവഴിക്കാതെയും ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാതെയും പല പ്രോജക്ടുകളിലും വകയിരുത്തിയിരിക്കുന്ന തുക ലാപ്സാക്കി കളയുമ്പോഴാണ് ഇത്തരം പ്രോജക്ടുകളിൽ അർഹരായവർക്ക് പരമാവധി ആനുകൂല്യം നൽകാൻ സാധിക്കാതിരിക്കുന്നത്.

തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുന്ന പ്രോജക്ടുകളിൽ പരമാവധി ഫണ്ട് വകയിരുത്താൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഇത്തരം പ്രോജക്ടുകളിൽ കൂടുതൽ വികസന ഫണ്ട് വകയിരുത്തുന്നതിനും കർഷകർക്ക് പൂർണ്ണമായും ആനുകൂല്യം നൽകുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥനും നീർത്തട വികസന വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നടപടികൾ സ്വീകരിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-24 ആശ്രയ പദ്ധതി - അവലോകനം

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ട പദ്ധതി 2017-18 വർഷമാണ് നടപ്പിലാക്കി തുടങ്ങിയത്. രണ്ടാം ഘട്ടത്തിന് വികസന ഫണ്ടിനത്തിൽ 2435000രൂപ, ചലഞ്ച് ഫണ്ടിനത്തിൽ 1499850 രൂപ, ശുചിത്വ പദ്ധതി വിഹിതമിനത്തിൽ 128800രൂപ, ഐ.എ.വൈ വിഹിതമിനത്തിൽ 4150000 രൂപയുൾപ്പെടെ ആകെ 8213650രൂപയുടെ പദ്ധതിയ്ക്കാണ് അംഗീകാരം ലഭിച്ചത്.(സ.ഉ(സാധാ) 3061/16/തസ്വഭവ തീയതി 10.11.2016) പ്രസ്തുത പദ്ധതിയക്ക് നാളിതുവരെ ചലഞ്ച് ഫണ്ടിനത്തിൽ 499950രൂപയും, വികസന ഫണ്ടിനത്തിൽ 300000രൂപയും മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെയ്യേണ്ട പ്രവൃത്തികളും അവയുടെ ചെലവും ചുവടെ പറയും പ്രകാരമാണ്.

| *ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | |
|---|---|---|---|---|
| | | | *വികസന ഫണ്ട്* | *ചലഞ്ച് ഫണ്ട്* |
| ഭക്ഷണം | 90 | 1225800 | - | 499950 |
| ചികിത്സ | 88 | 1260000 | - | - |
| വിദ്യാഭ്യാസ സഹായം | 22 | 66000 | - | - |
| ഭവന നിർമ്മാണം | 19 | 4150000 | 300000 | - |
| ഭൂമി | 8 | 950000 | - | - |
| കക്കൂസ് നിർമ്മാണം | 28 | 224000 | - | - |
| കുടിവെള്ള കിണർ | 7 | 119000 | - | - |
| വിവാഹ ധനസഹായം | 3 | 150000 | - | - |
| വയറിംഗ് | 6 | 24000 | - | - |
| പദ്ധതി രൂപീകരണം | - | 15000 | - | - |
| നിർവ്വഹണം/ | - | 15000 | - | - |

| | | | | |
|---|---|---|---|---|
| മോണിട്ടറിംഗ് | | | | |
| മിച്ച ഫണ്ട് | - | 14850 | - | - |
| | ആകെ | 8213650 | 300000 | 499950 |

ഭക്ഷണ കിറ്റ് വിതരണത്തിനാണ് പദ്ധതിയുടെ ഭൂരിഭാഗം ചെലവും നടന്നിട്ടുള്ളത്. ഒരു ഗുണഭോക്താവിന് മാത്രം ഭവന നിർമ്മാണത്തിന് തുക നൽകിയിട്ടുണ്ട്. ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷവും യാതൊരു ചെലവും നടന്നിട്ടില്ല എന്ന് വ്യക്തമായി. ആശ്രയ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രമിക്കേണ്ടതാണ്.

ആശ്രയ ഒന്നാം ഘട്ട പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ (ഐ.ഒ.ബി, വളഞ്ഞവട്ടം- 63801000009318) 29.9.2018-ന് 159778രൂപ അവശേഷിക്കുന്നുണ്ട്. ഒന്നാം ഘട്ട പദ്ധതി പ്രവർത്തനങ്ങൾ അവസാനിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്ത് തുക രണ്ടാം ഘട്ടത്തിന് ആരംഭിച്ച ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 26.2.18 | 1625000 | ശ്മശാനം അനുബന്ധ പ്രവൃത്തികൾ (S.121/18) | 1373284 | 251716 | റോഡ് നിർമ്മാണം പൂർത്തിയാക്കി |
| ബ്ലോക്ക് പഞ്ചായത്ത് | 8.3.18 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (S.144/18) | 300000 | 0 | പദ്ധതി പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 30.12.17 | 99600 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S.64/18) | 99600 | 0 | ,, |
| ,, | ,, | 800000 | ആധുനിക ഗ്യാസ് ശ്മശാന നിർമ്മാണം (S.01/18) | 800000 | 0 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചുവെങ്കിലും പദ്ധതി പൂർത്തീകരിച്ചില്ല |
| ജില്ലാ പഞ്ചായത്ത് | 17.3.18 | 3100000 | ഗ്യാസ് ക്രിമറ്റോറിയം (S.01/18, S.157/18) | 0 | 3100000 | നിർമ്മാണം പൂർത്തിയാക്കാതെ പാതിവഴിയിൽ കിടക്കുന്നു. |
| ജില്ലാ പഞ്ചായത്ത് | 2.3.18 | 450000 | നെൽകൃഷി വികസനം | 364730 | 85270 | പദ്ധതി പൂർത്തീകരിച്ചു |
| ജില്ലാ പഞ്ചായത്ത് | 31.3.18 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (S.144/18) | 300000 | 0 | ,, |
| ജില്ലാ പഞ്ചായത്ത് | 31.3.18 | 100000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് | 100000 | 0 | ,, |

| | | | | | | |
|---|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് (S.64/18) | | | |
| ജില്ലാ പഞ്ചായത്ത് | 31.3.18 | 500000 | പാലിയേറ്റീവ് കെയർ | 307239 | 192761 | പദ്ധതി തുടരുന്നു |

പൂർത്തീകരിക്കാത്ത പദ്ധതികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രൊജക്റ്റ് | നിക്ഷേപിച്ച സ്ഥാപനം | തുക | ബിൽ നമ്പർ, ചെക്ക് നം., തീയതി | പൂർത്തീകരണ വിവരങ്ങൾ |
|---|---|---|---|---|
| വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റിയിടൽ. (S.39/18) | കെ.എസ്.ഇ.ബി | 592008 | 61/10.11.17 | പദ്ധതി പൂർത്തീകരിച്ചു എന്ന് സെക്രട്ടറി അറിയിച്ചുവെങ്കിലും വിനിയോഗ രേഖകൾ ലഭ്യമായില്ല. |
| ശ്മശാനത്തിലേക്ക് ത്രീ-ഫേസ് ലൈൻ നീട്ടൽ. (S.147/18) | ,, | 61470 | 120/23.2.18 | പദ്ധതി പൂർത്തീകരിച്ചിട്ടില്ല |
| ആധുനിക ഗ്യാസ് ശ്മശാന നിർമ്മാണം (S.01/18) | കോസ്റ്റ് ഫോർഡ് | 800000 | ചെക്ക് തീയതി 31.3.18 | പദ്ധതി പൂർത്തീകരിച്ചിട്ടില്ല |

പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| ഫിക്സഡ് ഡിപ്പോസിറ്റ് നമ്പർ | നിക്ഷേപിച്ച തുക | നിക്ഷേപിച്ച സ്ഥാപനം |
|---|---|---|
| ഇല്ല | | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക നം.* | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക നം.* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| 1997-98 | 3-9 | 2003-04 | 3.3.7 | മണൽ ലേലം ഇനത്തിൽ തുക ഈടാക്കിയില്ല | പരാമർശം നിലനിൽക്കുന്നു.<br><br>(ഓഡിറ്റ് കാലയളവിലെ രേഖകളും ഫയലും കാലപ്പഴക്കത്താൽ ലഭ്യമല്ലായെന്നും, ഉത്തരവാദിയായ സെക്രട്ടറി ശ്രീ.ടി.കെ.ചെല്ലപ്പനും മണൽ ലേലം കൊണ്ട ശ്രീ.ഗോപാലകൃഷ്ണനും മരണപ്പെട്ടുവെന്നും സെക്രട്ടറി അറിയിച്ചു) |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | രൂ.6,61,40,489 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | രൂ.5,95,99,004 |
| വരവിനങ്ങളിലുള്ള നഷ്ടം | രൂ. 9,731 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | രൂ. 10,59,572 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | രൂ. 64,61,283 |

(ബി) <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5(2) | 7164 | - | ശ്രീ.ചന്ദ്രബാബു എസ്.എസ്, സെക്രട്ടറി |
| 2-5(3) | 2567 | - | ശ്രീ.അജയകുമാർ പി.ജി, സെക്രടട്റി |
| 3-11 | - | 9,96,424 | ശ്രീമതി ഓമന കെ.പി, അസി.എഞ്ചിനീയർ |
| 3-12 | - | 30,304 | ശ്രീമതി ഓമന കെ.പി, അസി.എഞ്ചിനീയർ |
| 3-15 | | 32,844 | ശ്രീമതി ഓമന കെ.പി, അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| ആകെ | 9731 | 10,59,572 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1,09,000 | ശ്രീമതി രശ്മി സി.ആർ, കൃഷി ഓഫീസർ |
| 3-6 | 15,000 | ഡോ.കോശി സി.പണിക്കർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-8(എ) | 60,000 | ശ്രീ.രമേശ്കുമാർ, ഹെഡ്മാസ്റ്റർ |
| 3-8(ബി) | 30,000 | കുമാരി സിന്ധു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-9 | 2,86,106 | ശ്രീ.ഫൈസൽ അഹമ്മദ് കെ.ഐ, അസി.സെക്രട്ടറി |
| 3-10 | 5,92,008 | ശ്രീ.ചന്ദ്രബാബു എസ്.എസ്, സെക്രട്ടറി |
| 3-13 | 1,92,261 | ശ്രീമതി ഓമന കെ.പി., അസി.എഞ്ചിനീയർ |
| 3-14 | 1,17,805 | ശ്രീമതി ഓമന കെ.പി., അസി.എഞ്ചിനീയർ |
| 3-17 | 34,12,880 | ശ്രീമതി ഓമന കെ.പി., അസി.എഞ്ചിനീയർ |
| 3-18 | 14,17,687 | ശ്രീമതി ഓമന കെ.പി., അസി.എഞ്ചിനീയർ |
| 3-19 | 2,28,536 | ശ്രീമതി ഓമന കെ.പി., അസി.എഞ്ചിനീയർ |
| ആകെ | 64,61,283 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| ഇല്ല | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക- 2-1

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | സ്ഥിരവിലാസം | ഓഡിറ്റ് വേളയിലെ വിലാസം |
|---|---|---|
| ശ്രീമതി ഓമന.കെ.പി, അസി.എഞ്ചിനീയർ | ഭാസ്കരവിലാസം, അട്ടച്ചാക്കൽ.പി.ഓ, കോന്നി-689692 | അസി.എഞ്ചിനീയർ, കടപ്ര ഗ്രാമപഞ്ചായത്ത് |
| ശ്രീ.ചന്ദ്രബാബു എസ്.എസ്, സെക്രട്ടറി | വൃന്ദാവനം, എടയ്ക്കാട് പി.ഒ, ആറ്റിങ്ങൽ | സെക്രട്ടറി, വാമനപുരം ഗ്രാമപ്പഞ്ചായത്ത് |
| ശ്രീ.അജയകുമാർ പി.ജി, സെക്രട്ടറി | പ്രണവം പനച്ചംമൂട്, നെടുമങ്ങാട് | സെക്രട്ടറി, കിളിമാനൂർ ഗ്രാമപ്പഞ്ചായത്ത് |

| | | |
|---|---|---|
| | പി.ഒ,<br>തിരുവനന്തപുരം | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ. പി3-590/96 തീയതി.10-7-1997 |
| 1997-98 | എൽ.എഫ്.പി.റ്റി.എ. പി4-621/02 തീയതി.7-02-03/10-04-03 |
| 2001-02 | എൽ.എഫ്.പി.റ്റി.എ. പി4-536/03 തീയതി.11-02-04/30-04-04 |
| 2001-02 ചെലവ് | എൽ.എഫ്.പി.റ്റി.എ. പി4-474/05 തീയതി.15-10-05/07-12-05 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി6-850/09 തീയതി.27-02-10/29-10-11 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി6-697/10 തീയതി.2-11-11/05-02-13 |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി6-698/10 തീയതി.21-11-11/05-02-13 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി7-793/11 തീയതി.20-12-11/05-02-13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി7-793(A)/11 തീയതി.21-12-11/05-02-13 |
| 2008-09 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ. പി11-38/13 തീയതി.23-03-13/27-07-13 |
| 2012-13,<br><br>2013-14 | എൽ.എഫ്.പി.റ്റി.എ. പി4-885/14 തീയതി.14-11-14/18-11-14 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ പി4/685/16 തീയതി. 23.6.2016 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി4/1383/2016 തീയതി 03.01.2017 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി-4/915/17/ 26.8.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ(ഹ .ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## ANNEXURE - I
## AUDIT CERTIFICATE

No.KSA.PTA.P4/98/2019 Date:18-02-19

Certified that I have examined the Annual Financial Statement of Kadapra Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kadapra Grama Panchayat for the year 2017-18 except the observations in para 1-12 of my report properly presents the picture of income and expenditure.

Habeeb Mohammed
Deputy Director(H.G)
Kerala State Audit Department
Pathanamthitta

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.4./98/2019 തീയതി: 18-2-19

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 201 7-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ( ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട